
# വേർപാട്

006

അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി
നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം

## 50 രാജസ്ഥാൻ മിഷൻ



ബ്രദറൺ റിസർച്ച് ഗ്രൂപ്പ് പ്രസിദ്ധീകരണം

# വേർപാട്

വാർത്താ മാസിക



## എഡിറ്റോറിയൽ ടീം
EDITORIAL TEAM


**ചീഫ് എഡിറ്റർ**

ഡോ. ജോൺസൺ സി. ഫിലിപ്പ്

**മാനേജിംഗ് എഡിറ്റർ**

ഡോ. സനീഷ് ചെറിയാൻ

**എഡിറ്റോറിയൽ ബോർഡ്**

1. സ്കറിയ വർഗീസ്
2. എബ്രഹാം തോമസ്, കൊച്ചി
3. പി.ഇ. സാംകുട്ടി
4. അലക്സാണ്ടർ കോശി

**ഡോക്ട്രിനൽ അഡ്വൈസറി ബോർഡ്**

1. കെ.എ. ഫിലിപ്പ്
2. ഫിലിപ്പ് എബ്രഹാം
3. ജോർജ്ജ് പീറ്റർ
4. എം.സി. ജോർജ്ജ്
5. ജോസ് മാങ്കുടി
6. എസ്.കെ. ഡേവിഡ്
7. കെ.വി. ഐസക്
8. വി.എം. പോൾ
9. കെ. ഗോപിനാഥൻ
10. പി.എം. ജോർജ്ജ്കുട്ടി

**മീഡിയ കൺസൾട്ടന്റ്സ്**

1. ഫിലിപ്പ് കെ. ആൻഡ്രൂസ്
2. ജോൺ സെബാസ്റ്റ്യൻ
3. പ്രമോദ് തോമസ്
4. സജി ഇടിക്കുള
5. റെജി പോൾ

**മാനേജിംഗ് കമ്മിറ്റി**

1. ഡോ. ബഞ്ചമിൻ എബ്രഹാം
2. വിക്ടർ ജോർജ്ജ്
3. സാമുവേൽ പി. വർഗീസ്
4. രഞ്ജിത്ത് കുമാർ

**ഓവർസീസ് എഡിറ്റോറിയൽ ബോർഡ്**

ഡോ. സണ്ണി എഴുമറ്റൂർ, യു.എസ്.എ.
ഡോ. കെ.എം. ശമുവേൽ, കെനിയ
നോയൽ ഡാനിയേൽ, യു.എസ്.എ.
ജോൺ എബ്രഹാം, ദുബായ്

**പബ്ലിഷർ**

ജിജോ സി. ജോർജ്ജ്

**ഡിസൈൻ & ലേ ഔട്ട്**


ലോഗോസ് മീഡിയ

**പ്രിന്റിംഗ്**

മാപ്തോ പ്രിന്റേഴ്സ്, കളമശ്ശേരി


**വാർത്തകളും കത്തുകളും അയക്കേണ്ട വിലാസം**


**Saneesh Cherian**, Logos Bhavan
Maneed P.O., Ernakulam 686726, Kerala
Mob : 9497479976
E-mail : brethrenassemblynews@gmail.com
Website : www.brethrenassemblynews.com

## ഒരു ബ്രദറൺ റിസർച്ച് ഗ്രൂപ്പ് പ്രസിദ്ധീകരണം

വേർപാടു സത്യങ്ങൾക്കും അടിസ്ഥാന ഉപദേശങ്ങൾക്കുമായി നിലകൊള്ളുന്ന ഈ പ്രസിദ്ധീകരണത്തിൽ ഉപദേശപരവും ന്യായവാദശാസ്ത്രപരവും, പ്രായോഗിക ജീവിതവുമായി ബന്ധപ്പെട്ടതുമായ ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെടുന്നു. ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങൾ നിർദ്ദേശങ്ങൾ ഞങ്ങൾക്കെഴുതുക. വേർപാടു സത്യങ്ങൾക്കായി നമുക്കു ഒത്തു ചേരാം.

# വേർപാട്

അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം

Volume VI Oct. 2011

E-mail : brethrenassemblynews@gmail.com
Website : www.brethrenassemblynews.com


## ഉള്ളടക്കം




കരയേണ്ട
പേജ് 2
മിസസ് ബേബി കുര്യാക്കോസ്

രാജസ്ഥാൻ മിഷൻ
സുവർണ്ണ ജൂബിലി

പേജ് 3
ഫിലിപ്പ് എബ്രഹാം


കർത്തൃമേശ
പേജ് 5
ഡോ. സനീഷ് ചെറിയാൻ

സോപ്പ് സൂപ്പ് സാൽവേഷൻ

പേജ് 11
ഇ.പി. വറുഗീസ്

എന്താണ് പ്രാണിക് ഹീലിങ്ങ്?

പേജ് 13
ഡോ. ജോൺസൺ സി. ഫിലിപ്പ്

സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട

പേജ് 16
മിസസ് ശാന്താ ജോൺസൺ


എഡിറ്റോറിയൽ

# കുഴപ്പം എവിടെ ?

ഇന്നു നമ്മുടെയിടയിൽ പ്രസംഗപീഠങ്ങളിലും രഹസ്യസംസാരങ്ങളിലും ആവർത്തിച്ചു കേൾക്കുന്ന ഒരു പ്രമേയമാണ് വേർപാടു സഭകൾ മൃതിയടയുന്നു എന്നത്. ഈ ചിന്താഗതിക്ക് പിന്നിൽ പല ഘടകങ്ങളുണ്ടാകാം.

എന്തുകൊണ്ട് സഭകൾ മൃതാവസ്ഥയിലാകുന്നു എന്നു ചോദിക്കുന്നതിനു പകരം സഭകൾ ഈ സ്ഥിതിയിലെത്തുന്നതിനു എന്റെ പങ്കെന്തെന്നു ചോദിക്കുന്നതു കൂടുതൽ അർത്ഥവത്താണ്. അപ്രകാരം നമ്മുടെ ചിന്താഗതികളെയും ജീവിതത്തെയും സഭയ്ക്കു പ്രയോജനപ്പെടും വിധം രൂപാന്തരപ്പെടുത്തുവാൻ സാധിക്കും.

രണ്ടാമതായി നാം ചോദിക്കേണ്ട ചോദ്യം– വേർപാടു പ്രസ്ഥാനത്തെ ജീവനുള്ളതാക്കി നിലനിർത്തുവാൻ എനിക്കു എങ്ങനെ സാധിക്കും. എന്റെ പങ്ക് എന്ത്? എന്നതാണ്. മറ്റുള്ളവരെ ഒന്നടങ്കം കുറ്റപ്പെടുത്തുന്നതിന് പകരം വേർപാടു സമൂഹത്തിന്റെ നന്മയെ നിലനിർത്തുന്നതിൽ ഞാൻ വിശ്വസ്തത പാലിക്കുന്നുവോ എന്നു സ്വയശോധനചെയ്യുന്നതാണ് ഉത്തമം.

പല നവീകരണ പ്രസ്ഥാനങ്ങളും സുശക്തമായി തുടങ്ങിവന്നെങ്കിലും കാലക്രമേണ കെട്ടടങ്ങിപ്പോയി. എന്നാൽ ബ്രദറൺ പ്രസ്ഥാനം നൂറ്റിപ്പത്തിലധികം വർഷങ്ങളായി നിലകൊള്ളുന്നു എന്നതു ദൈവകൃപയുടെ വ്യക്തമായ തെളിവാണ്. സ്തുത്യർഹമാണ്.

വേർപാട് എന്ന പ്രസിദ്ധീകരണത്തിലൂടെ ഞങ്ങൾ ആഗ്രഹിക്കുന്നതു വേർപാടിനോടു നമുക്കുള്ള ഉത്തരവാദിത്തം എന്ത് എന്ന് സ്വയം ശോധനചെയ്യാൻ വിശ്വസികളെ പ്രോത്സാഹിപ്പിക്കുകയാണ്. വേർപാടു പ്രസ്ഥാനം മരിച്ചിട്ടില്ല. സ്വാർത്ഥതാല്പര്യക്കാരായ ചിലർ വേർപാടിനെ കൊല്ലാൻ ശ്രമിക്കുകയും മരിച്ചുപോയി എന്ന് പ്രചരിപ്പിക്കുകയുമാണ്.


വേർപാട് സമൂഹത്തിന്റെ നിലനിൽപ്പിലും വളർച്ചയിലും താങ്കളുടെ പങ്കെന്ത്? സഭകളെ ആത്മീകമായി ഉണർത്താൻ ശ്രമിക്കുന്ന ശേഷിപ്പിന്റെ കൂടെയോ അതോ സ്വാർത്ഥതാല്പര്യ സംരക്ഷണത്തിനും സ്വന്തം സാമ്രാജ്യങ്ങൾ കെട്ടിപ്പടുക്കുവാനും വേണ്ടി വേർപാടു സഭകളെ ദുഷിപ്പിക്കുന്നവരുടെ കൂടെയോ?

(ജെ.സി.പി)

സഹോദരിമാരോട്

മിസസ് ബേബി കുര്യാക്കോസ്

# കരയേണ്ട



യേശു കർത്താവിന്റെ പരസ്യ ശുശ്രൂഷയുടെ കാലഘട്ടം, അത്ഭുതങ്ങളാലും അടയാളങ്ങളാലും നാടെങ്ങും നന്മ ചെയ്തുകൊണ്ട് സഞ്ചരിച്ച ദൈവപുത്രൻ ഒരു ദിവസം നയീൻ എന്ന പട്ടണത്തിലേക്ക് കടന്നു ചെന്നു. കർത്താവിന്റെ അതിശയ പ്രവൃത്തികളിൽ അത്ഭുത പരതന്ത്രരായി തീർന്ന ഒരു വലിയ പുരുഷാരവും അവിടുത്തെ ശിഷ്യന്മാരും അവനെ അനുഗമിച്ചിരുന്നു. എന്നാൽ പട്ടണ വാതിൽക്കൽ എത്തിയപ്പോൾ ഒരു വലിയ വിലാപയാത്ര അവർക്ക് എതിരെ വന്നു. ഏകജാതനായ മകൻ മരിച്ച ഒരു പാവപ്പെട്ട സ്ത്രീ. ആ ശവമഞ്ചവുമായി അവളെ അനുഗമിച്ച ഒരു വലിയ പുരുഷാരം. അവളോ വിധവയായിരുന്നു. അവളുടെ ദയനീയ സ്ഥിതിയിൽ സഹതാപം തോന്നിയിട്ടാകാം വലിയ ജനക്കൂട്ടം ഈ വിലാപയാത്രയെ പിൻ ചെന്നത്. യേശുകർത്താവ് അടുത്തു ചെന്നു അവളോട് 'കരയേണ്ട' എന്നു പറഞ്ഞു.

പ്രിയ സഹോദരിമാരെ, ഈ സ്നേഹവാനായ യേശുകർത്താവിന്റെ ആർദ്രതയും മനസ്സലിവും നമ്മെ എത്ര അധികം ധൈര്യപ്പെടുത്തുന്നതാണ്. കർത്താവിന്റെ പരസ്യ ശുശ്രൂഷാ കാലയളവിൽ മരിച്ച മൂന്നുപേരെ ഉയർപ്പിച്ചതായി നാം വചനത്തിൽ കാണുന്നുണ്ട്. അതിൽ രണ്ടും പാവപ്പെട്ട സഹോദരിമാരുടെ കണ്ണുനീർ തുടയ്ക്കാനായിരുന്നു എന്ന് അറിയുമ്പോൾ നമ്മുടെ പ്രകൃതി അറിയുന്നവനും നാം ബലഹീനപാത്രം എന്നു മനസ്സിലാക്കുന്നവനുമായ കർത്താവ് കൂടുതൽ ദയയോടെ നമ്മെ കരുതുന്നു എന്നു ഗ്രഹിക്കാവുന്നതാണ്.

നയീനിലെ വിധവ– സന്തോഷ പൂർണ്ണമായ ഒരു കുടുംബജീവിതം അവൾ നയിച്ചിരുന്നു എന്നു കരുതാവുന്നതാണ്. ഒരു നാൾ അവളുടെ പ്രിയപ്പെട്ട ഭർത്താവ് അവളിൽ നിന്നും വേർപെട്ടുപോയി. ഭർത്താവിന്റെ സ്നേഹം, കരുതൽ. തണൽ അവൾക്കു എന്നേയ്ക്കുമായി നഷ്ടപ്പെട്ടു. എന്നാൽ ഏകമകന്റെ മുഖം അവളെ ആശ്വസിപ്പിച്ചു. ആ മകന്റെ സന്തോഷത്തിനായി അവൾ ജീവിച്ചു. പിതാവിന്റെ കുറവ് അറിയിക്കാതെ ആ മകനെവളർത്തിയെടുക്കാൻ ആവേശം പൂണ്ട അവളുടെ ജീവിതം ഒരു ത്യാഗത്തിന്റെ കഥയായി മാറി. മകൻ വളർന്നു കൊണ്ടിരുന്നപ്പോൾ മാതാവ് അവളുടെ ദുഃഖം മറന്നു കൊണ്ടിരുന്നു. എന്നാൽ മരണത്തിന്റെ തണുത്ത കരങ്ങൾ വീണ്ടും ആ ഭവനത്തിൽ വെളിപ്പെട്ടു. ആ മാതാവും മകനും തമ്മിൽ വേർപ്പെട്ടു. ഭർത്താവിന്റെ വേർപാട്, ഏകമകന്റെ വേർപാട് – ദുഃഖത്തിന്റെ പര്യായമായി ആ മാതാവ്, ശവമഞ്ചത്തെ അനുഗമിച്ചു. യേശുകർത്താവ് ആ രംഗത്തേക്കു കടന്നു ചെന്നു. അവളോട് 'കരയേണ്ട' എന്നു പറഞ്ഞു. ദൈവസുതൻ ആ മഞ്ചം തൊട്ടു. മരിച്ചവൻ എഴുന്നേറ്റിരുന്നു. കരഞ്ഞവൾ സന്തോഷിച്ചു. പിൻചെന്ന ജനം ഈ വലിയ പ്രവാചകന്റെ ശക്തിയിൽ ഭയപ്പെട്ടു. അതിശയിച്ചു.

പ്രിയപ്പെട്ട സഹോദരിമാരെ, ഇന്ന് നമ്മിൽ ഒരു നല്ല കൂട്ടം കരയുന്നവരാണ്. വിധവമാരായി തീർന്നവർ, അനാഥരായി തീർന്നവർ, അനവധി പ്രയാസങ്ങളിലും നെടുവീർപ്പിലും കഴിയുന്നവർ. എന്നാൽ, നമ്മുടെ കർത്താവ് 'കരയേണ്ട' എന്നു നമ്മോടു പറയുവാൻ ആഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ നമ്മുടെ കരച്ചിലിനെ സന്തോഷമായും നമ്മുടെ വിലാപത്തെ നൃത്തമായും മാറ്റുവാൻ അവൻ മനസ്സുള്ളവനാണ്, ശക്തനാണ്, യേശു കർത്താവ് നയീൻ പട്ടണത്തിലേക്കു ചെന്നതു തന്നെ ആ വിധവയ്ക്ക് വേണ്ടിയാണ്. അവിടെ വേറൊരു പ്രവൃ

ശേഷം പേജ് 15 ▶



# രാജസ്ഥാൻ മിഷൻ സുവർണ്ണ ജൂബിലി




**സുവർണ്ണ ജൂബിലി സമ്മേളനത്തിൽ ബ്ര. എബ്രഹാം തോമസ് കൊച്ചി സംസാരിക്കുന്നു.**

രാജസ്ഥാനിൽ വേർപാടു സുവിശേഷകർ കാലൂന്നിയിട്ട് ഇതു അമ്പതാം വർഷം. 1960–ൽ സഹോദരന്മാരായ ഫിലിപ്പ് ഏബ്രഹാം, എം.എ. തോമസ്, കെ.സി. ജോൺ, പോൾ കാന്റ് എന്നിവർ കുടുംബങ്ങളായി രാജസ്ഥാനിലെ കോട്ടയിലെത്തി. അനവധി ഉപദ്രവങ്ങളും കഷ്ടതകളും ഏൽക്കേണ്ടി വന്നെങ്കിലും ദൈവം ആ മിഷണറി ദൗത്യത്തെ അനുഗ്രഹിച്ചു. ഇപ്പോൾ 33 സുവിശേഷകന്മാരും 33 സഭകളും രാജസ്ഥാനിലുണ്ട്. 2011 ഒക്ടോബർ 6–09 വരെ സുവർണ്ണ ജൂബിലി സമ്മേളനവും രാജസ്ഥാനിൽ നടന്നു.

ആദ്യമായി രാജസ്ഥാനിലെത്തിയ നാലു മിഷണറി വര്യന്മാരിൽ രണ്ടുപേർ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ജീവിച്ചിരിക്കുന്നവരിൽ സഹോ. ഫിലിപ്പ് ഏബ്രഹാം മാത്രമാണ് വേർപാടുകാരനായി ഇന്നും തുടരുന്നത്. അദ്ദേഹവുമായി നടത്തിയ അഭിമുഖത്തിലെ പ്രസ്ക്ത ഭാഗങ്ങൾ സ്തോത്രത്തിനായി ചുവടെ ചേർക്കുന്നു.

**മിഷണറി യാത്രയ്ക്കുള്ള ഒരുക്കം**

ഇനി എന്ത്? ബൈബിൾ സ്കൂളിലെ അവസാനവർഷം അവരുടെ ജീവിതത്തിൽ ഉയർന്നു വന്ന ചോദ്യം ഇതായിരുന്നു. ഈ സമയത്താണ് വടക്കേന്ത്യൻ പര്യടനത്തിനു ശേഷം കർത്തൃദാസൻ കെ.ജി. കര്യൻ സത്യപ്രകാശിനി മാസികയിൽ എഴുതിയ ലേഖനം അവർക്കു ലഭിച്ചത്. സുവിശേഷം എന്തെന്നറിയാത്ത രാജസ്ഥാനിലേക്കു പോകുവാൻ അവർ തീരുമാനിച്ചു. കൈയ്യിൽ പണമില്ലാത്തിനാൽ യാത്ര അവർക്കു ഒരു സങ്കീർണ്ണ പ്രശ്നമായിരുന്നു. വണ്ടിക്കൂലി കിട്ടിയില്ല എങ്കിൽ നടന്നുപോകണം എന്ന് അവർ ഹൃദയത്തിൽ നിശ്ചയിച്ചു. നമ്മിൽ ഒരാൾ ജീവനോടെ അവിടെ ചെന്ന് ഒരാളോടു സുവിശേഷം അറിയിക്കാൻ സാധിച്ചാൽ നമ്മുടെ ദൗത്യം പൂർത്തിയായി എന്നു അവർ പറഞ്ഞു.



*രാജസ്ഥാൻ മിഷണറി ദൗത്യത്തിൽ തോളോടു തോൾ ചേർന്നു പ്രവർത്തിച്ച സഹോ. കെ.സി. ജോൺ, എം.എ. തോമസ്, ഫിലിപ്പ് ഏബ്രഹാം എന്നിവർ*

ദൈവിക നടത്തിപ്പും ഹിതവും എന്ന പോലെ ഗ്രാജുവേഷനു തലേദിവസം ഒരു ടെലഗ്രാം മണി ഓർഡർ അവർക്കു ലഭിച്ചു. ട്രെയിൻ ടിക്കറ്റിനു മതിയായ തുക. യാത്രയെക്കുറിച്ചറിഞ്ഞ എച്ച്.ബി.ഐ പൂർവ്വ വിദ്യാർത്ഥിയായ സഹോ. കെ.സി തോമസ് (ചാത്തന്നൂർ) ആയിരുന്നു അത യച്ചത്. ജനതാ എക്സ്പ്രസിന് അവർ ടിക്കറ്റ് ബുക്ക് ചെയ്തു. ഗ്രാജുവേഷൻ സർവ്വീസിൽ ഈ മിഷണറി സംഘം ഏറെ ശ്രദ്ധിക്കപ്പെട്ടു. ഡോ. ഗുപ്തയടക്കം അന്നു ബൈബിൾ സ്കൂളിലുണ്ടായിരുന്ന ഏവരുടെയും കണ്ണുകളെ ഈറനണിയിച്ച സംഭവമായിരുന്നു കേവലം 50 ദിവസം പ്രായമുള്ള കുഞ്ഞിനെയും കൊണ്ട് രാജസ്ഥാനിലേക്കുള്ള ഇവരുടെ യാത്ര. കർത്താവ് നിങ്ങളോട് കൂടെയുണ്ട് എന്ന് പറഞ്ഞ് അവർ മിഷണറി ടീമിനെയാത്രയാക്കി.

ഗ്രാജുവേഷൻ കഴിഞ്ഞ് സഹോ. പോൾ കാന്റ്, കെ.സി. ജോൺ, ഫിലിപ്പ് ഏബ്രഹാം, ചിന്നമ്മ ഫിലിപ്പ്, എം.എ. തോമസ്, അമ്മിണി തോമസ് തുടങ്ങിയ ആറുപേരും സഹോ. ഫിലിപ്പ് ഏബ്രഹാമിന്റെ മക്കളായ ജോൺസൺ സി. ഫിലിപ്പ് (6 വയസ്സ്), മേരി (3 വയസ്സ്), സ്റ്റീഫൻ (50 ദിവസം) എന്നീ കുരുന്നുകളും മരുഭൂമിയുടെ പൊള്ളുന്ന ചൂടിലേക്കു സുവിശേഷ സന്ദേശവുമായി യാത്ര തിരിച്ചു. കോട്ടയി (രാജസ്ഥാനി)ലെത്തിയ അവർ ഒരു വാടക വീട്ടിൽ



താമസിച്ചു പ്രവർത്തനം ആരംഭിച്ചു. പതിനാലാം ദിവസം സുവിശേഷ വിരോധികൾ അവരെ ഉപദ്രവിക്കുകയും ലഘുലേഖകളും മറ്റും തീവെച്ച് നശിപ്പിക്കുകയും ചെയ്തു. സഹോദരന്മാർ വീടിനു വെളിയിൽ വരുമ്പോൾ കൊല്ലുവാൻ ആളുകൾ പതിയിരിക്കുകയും ചെയ്തു. എന്നാൽ കർത്താവ് തന്റെ മക്കളെ സംരക്ഷിച്ചു. സഹോദരന്മാർക്കെതിരെ കൊലവിളി ഉയർന്നപ്പോൾ 6 വയസ്സുകാരൻ ജോൺസൺ പറഞ്ഞത് അവർ നിങ്ങളെ കൊന്നാൽ ഞാൻ ഇവിടെ കർത്താവിനു വേണ്ടി പ്രവർത്തിക്കും എന്നാണ് (If they kill you, I will work for the Lord). പോലീസിന്റെ നിർദ്ദേശപ്രകാരം അവർ പട്ടണത്തിന്റെ വേറൊരു ഭാഗത്തേക്കു താമസം മാറി. 2 മാസങ്ങൾക്കു ശേഷം ആദ്യത്തെ സ്നാനശുശ്രൂഷ നടന്നു. സഹോ. എം.എ. തോമസ് ആയിരുന്നു ആദ്യ സ്നാനാർത്ഥി (മർത്തോമക്കാരനായിരുന്ന അദ്ദേഹം രക്ഷിക്കപ്പെട്ടുവെങ്കിലും സ്നാനപ്പെട്ടിരുന്നില്ല). സഹോ. ഫിലിപ്പ് ഏബ്രഹാമായിരുന്നു സ്നാപകൻ. അതിനു ശേഷം ആദ്യത്തെ ആരാധന രാജസ്ഥാനിൽ ആരംഭിച്ചു.

തുടർന്നു സഹോ. പോൾ കാന്റ് അജ്മീറിലേക്കും കെ.സി. ജോൺ ജെയ്പൂരിലേക്കും പ്രവർത്തനം മാറ്റി. പരസ്പര സഹകരണത്തിൽ ആ പ്രവർത്തനങ്ങൾ മുന്നേറി. സഹോദരൻ ഫിലിപ്പിന്റെ നിർബന്ധപ്രകാരം എം.എ. തോമസ് കോട്ടയിലെ പ്രവർത്തനം ഏറ്റെടുത്തു. സഹോ. ഫിലിപ്പ് ഏബ്രഹാം കുടുംബമായി മധ്യപ്രദേശിലെ ഗ്വാളിയറിലേക്കു പ്രവർത്തനത്തിനായി കടന്നുപോയി.

## ദൈവകൃപയാൽ

**രാജസ്ഥാനിൽ സുവിശേഷവുമായി പോയ മിഷണറി സഹോ. ഫിലിപ്പ് ഏബ്രഹാമിന്റെ അനുഭവസാക്ഷ്യം 'ദൈവകൃപയാൽ' എന്ന പേരിൽ ബ്രദറൺ റിസർച്ച് ഗ്രൂപ്പ് പ്രസിദ്ധീകരിക്കുന്നു. രാജസ്ഥാനിലെ ആദ്യകാല പ്രവർത്തനങ്ങളെ അടുത്തറിയുവാൻ ഈ ചെറു ഗ്രന്ഥം സഹായകമാകും. ഈ പുസ്തകം ആവശ്യമുള്ളവർ 5 രൂപയുടെ തപാൽ സ്റ്റാമ്പ് (പോസ്റ്റേജ്) അയച്ചു തരിക. അഡ്രസ്സിൽ പിൻകോഡ്, ജില്ല തുടങ്ങിയവ വ്യക്തമായി എഴുതണം.**

**Saneesh Cherian**
Logos Bhavan, Maneed P.O.
Ernakulam 686726, Kerala
E-mail : brethrenassemblynews@gmail.com

# കർത്തൃമേശ
## വിലക്കാൻ സഭയ്ക്കു സ്വാതന്ത്ര്യമുണ്ടോ?



ഇക്കാലങ്ങളിൽ വളരെ പ്രസക്തമായ ഒരു ചോദ്യമാണിത്. മേശ വിലക്കലും മേശ ഒരുക്കാതിരിക്കൽ തുടങ്ങി കർത്തൃമേശയെ നിന്ദ്യമാക്കുന്ന പ്രവർത്തനങ്ങൾ ഇന്നു വർദ്ധിച്ചു വരുന്നു. മാസത്തിൽ ഒരിക്കൽ കർത്തൃമേശ ഒരുക്കുന്നതും, മറ്റുള്ളവർ പങ്കെടുക്കുന്നതു കണ്ടു മടങ്ങി പോകുന്നതുമെല്ലാം ഈ ഗണത്തിൽപെടുന്നു.

കർത്താവിന്റെ മരണത്തെ വിശ്വാസി ഓർക്കുകയും പ്രസ്താവിക്കുകയും ചെയ്യുന്ന ശുശ്രൂഷയാണ് അപ്പം നുറുക്കൽ അഥവാ കർത്തൃമേശാചരണം (1 കൊരി. 11:26). തന്നെത്താൻ ശോധനചെയ്യണം എന്നതാണ് പ്രമാണം (1 കൊരി. 11:28). കർത്താവിന്റെ മരണത്തെ ഓർക്കുവാനും പ്രസ്താവിക്കുവാനും യോഗ്യമായ നിലയിലാണോ കർത്തൃസന്നിധിയിൽ വന്നിരിക്കുന്നത് എന്ന് ഓരോ വിശ്വാസിയും സ്വയ ശോധനചെയ്യണം.

കർത്തൃമേശ വിലക്കാനുള്ള സ്വാതന്ത്ര്യമോ അധികാരമോ കർത്താവ് സഭയ്ക്ക് (ശുശ്രൂഷകന്മാർക്ക്) നൽകിയതായിട്ട് തിരുവെഴുത്തു ഖണ്ഡിതമായി രേഖപ്പെടുത്തിയിട്ടില്ല. മേശയും സഭയും കർത്താവിന്റേതാണ്. സഭാ ശുശ്രൂഷകന്മാർ കർത്താവിന്റെ സ്ഥാനം ഏറ്റെടുക്കാൻ പാടില്ലല്ലോ. കർത്താവ് താനും ഒരു വിശ്വാസി കർത്തൃമേശയിൽ പങ്കെടുക്കുന്നതു വിലക്കിയതായി നാം വചനത്തിൽ കാണുന്നില്ല. രണ്ടു വിധത്തിലുള്ള വ്യക്തികളോടു നടപടി എടുക്കുന്നെങ്കിലും കർത്തൃമേശ വിലക്കുകയായിരുന്നില്ല; പുറത്താക്കുകയായിരുന്നു (യോഹ. 13:26; 1 കൊരി. 5:13).

ദൈവവചനപ്രകാരം കർത്തൃമേശയിൽ നിന്നും മാറിനിൽക്കാൻ 3 കാരണങ്ങൾ കാണാവുന്നതാണ്.

**1. ദുർന്നടപ്പ് (1 കൊരി. 5:1, 9–13) :**

വിശ്വാസി ദുർന്നടപ്പു ചെയ്താൽ സഭയിൽ നിന്നു മാറ്റി നിർത്തണം; കർത്തൃമേശയിൽ നിന്നു മാത്രമല്ല. മറ്റുള്ളവർക്ക് ഭയം ഉണ്ടാകേണ്ടതിന്നു പരസ്യമായി ശാസിക്കുകയും മാനസാന്തരപ്പെടുവോളം സഭയിൽ നിന്നു മാറ്റി നിർത്തുകയും വേണം (1 തിമൊ. 5:20). എങ്കിലും ശത്രു എന്നു വിചാരിക്കാതെ യഥാസ്ഥാനപ്പെടേണ്ടതിന്നു പ്രാർത്ഥിക്കണം (2 തെസ. 3:14, 15).

**2. ഉപദേശ പിശക് – 2 യോഹ. 9, 10**

ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നും അതിർകടന്നുപോകുന്നവനെയും, ക്രിസ്തുവിന്റെ ഉപദേശമല്ലാത്തവ കൊണ്ടു വരുന്നവനെയും സഭയിൽ നിന്നും അകറ്റി നിർത്തണം. അടിസ്ഥാന ഉപദേശ വിഷയങ്ങൾ തള്ളിക്കളയുകയോ വ്യതിചലിപ്പിക്കയോ ചെയ്യുന്ന വ്യക്തിക്കെതിരെ സഭ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുണ്ട് (2 തെസ. 3:14, 15).

**ശിക്ഷണ നടപടികൾ സഭാ ശുശ്രൂഷകന്മാർക്ക് വചനം അനുവദിക്കുന്നുവെങ്കിലും അതു പൂർണ്ണമായും വചനാനുസൃതമായിരിക്കണം. ഒരു വ്യക്തിയുടെ കുറ്റത്തിന് കുടുംബത്തെ മുഴുവനും ശിക്ഷിക്കുന്ന ഒരു പ്രവണത നമ്മുടെ മദ്ധ്യേ വർദ്ധിച്ചുവരുന്നുണ്ട്. തിരുവെഴുത്തിൽ അതിനു ന്യായം കാണുന്നില്ല. ഓരോരുത്തരും താന്താന്റെ അകൃത്യം വഹിക്കണം എന്നതാണല്ലോ വേദപ്രമാണം**

**3. വിശ്വാസത്യാഗം**

അവിശ്വാസിക്കു കർത്തൃമേശയിൽ ഓഹരിയില്ല (യോഹ. 13:36). വിശ്വാസകപ്പൽ തകർന്ന വ്യക്തിയും (1 തിമോ. 1;19, 20) അവിശ്വാസി ആകയാൽ മേശയിങ്കൽ ഓഹരിയില്ല.

ദൈവസന്നിധിയിൽ ഇരുന്നു കൃപ പ്രാപിച്ചു, വചനത്തോടുള്ള വിധേയത്വത്തിലും കർത്തൃസമർപ്പണത്താലും ആത്മനടത്തിപ്പിനാലും ചെയ്യേണ്ട ഒരു കാര്യമാണിത്. വ്യക്തി വിരോധം തീർക്കാനുള്ളതല്ല കർത്തൃമേശ. അങ്ങനെചെയ്താൽ അതു കർത്തൃമേശയ്ക്കു പകരം ഭൂതങ്ങളുടെ മേശ ആയിരിക്കും (1 കൊരി. 10:21).

ശിക്ഷണ നടപടികൾ സഭാ ശുശ്രൂഷകന്മാർക്ക് വചനം അനുവദിക്കുന്നുവെങ്കിലും അതു പൂർണ്ണമായും വചനാനുസൃതമായിരിക്കണം. ഒരു വ്യക്തിയുടെ കുറ്റത്തിന് കുടുംബത്തെ മുഴുവനും ശിക്ഷിക്കുന്ന ഒരു പ്രവണത നമ്മുടെ മദ്ധ്യേ വർദ്ധിച്ചുവരുന്നുണ്ട്. തിരുവെഴുത്തിൽ അതിനു ന്യായം കാണുന്നില്ല. ഓരോരുത്തരും താന്താന്റെ അകൃത്യം വഹിക്കണം എന്നതാണല്ലോ വേദപ്രമാണം. ഇതു സംബന്ധിച്ചു വിശദമായി സഭയും ശിക്ഷണക്രമവും എന്ന അദ്ധ്യായത്തിൽ ചിന്തിക്കാം.

**കർത്തൃമേശയോടുള്ള ബന്ധത്തിൽ കാണുന്ന മാനുഷിക പരാജയങ്ങൾ**

കർത്തൃസ്ഥാപിതവും വ്യക്തമായ വ്യവസ്ഥ പരിശുദ്ധാത്മാവ് നൽകിയതുമായ കർത്തൃമേശാചരണത്തിൽ മാനുഷിക വശത്തുനിന്നു പല പരാജയങ്ങളും ഉണ്ടാകുന്നു.

**1. കർത്താവിന്റെ അത്താഴം സ്വന്തം അത്താഴം ആക്കുന്നു** (1 കൊരി. 11:17).

വിഭാഗീയത സഭയിൽ കടന്നു വരുമ്പോൾ കർത്താവിന്റെ അത്താഴം ഓരോരുത്തരുടെയും അത്താഴം ആയി മാറുന്നു. ഒരു കൂട്ടരെ മാറ്റി നിർത്തി കൈയ്യൂക്കുള്ളവർക്കു കൈവശമാക്കി വയ്ക്കാനുള്ളതല്ല കർത്താവിന്റെ അത്താഴം! കർത്താവിന്റെ അത്താഴം തന്റെ അത്താഴമെന്നു ചിന്തിക്കുമ്പോഴാണ് മറ്റൊരുവനെ മേശയിൽ നിന്നു മുടക്കാൻ നമുക്കു മനസ്സു വരിക. കൊരിന്ത്യ വിശ്വാസികളുടെ മദ്ധ്യേ കർത്താവിന്റെ അത്താഴം വിഭാഗീയതയിൽ കൈകാര്യം ചെയ്ത അവസരത്തിലാണ് വാസ്തവത്തിൽ കർത്തൃമേശ സംബന്ധിച്ച ഉപദേശം അപ്പോസ്തോലനായ പൗലോസ് മുഖാന്തരം ദൈവാത്മാവ് സഭയ്ക്ക് നൽകിയത്. ഇന്നു വ്യക്തമായ ഉപദേശം ലഭിച്ചിരിക്കൈകൊണ്ട് കർത്തൃമേശ സസൂക്ഷ്മം – ഉപദേശപ്രകാരം ഭയത്തോടെ കൈകാര്യം ചെയ്യേണ്ടതുണ്ട്.

**2. ദൈവത്തിന്റെ സഭയെ തുച്ഛീകരിക്കുന്നു (1 കൊരി. 11:22)**

ദൈവകൃപയുടെയും ആത്മീക കൂട്ടായ്മയുടെയും വിളനിലമാകേണ്ട സഭയിൽ വിഭാഗീയത കടന്നു വരുമ്പോൾ സഭ തുച്ഛീകരിക്കപ്പെടുന്നു. സഭാകാന്തനായ ക്രിസ്തുവിനു ഇടമില്ലാത്തവണ്ണം സ്വയ (മാനുഷിക ജഡികത്വം) കേന്ദ്രീകൃതമായ നിലയിൽ ശുശ്രൂഷകൾ നടക്കുമ്പോൾ ദൈവപദ്ധതിയിൻ പ്രകാരമുള്ള സഭ തുച്ഛീകരിക്കപ്പെടുന്നു. ഭിന്നത വർദ്ധിച്ചു, ഏകാത്മാവിൽ കൂടി വരാൻ കഴിയാത്ത അവസ്ഥയിൽ അത്താഴം വീട്ടിൽവച്ചു കഴിക്കുന്നതാണ് ഉചിതം എന്നു ദൈവാത്മാവ് ഓർപ്പിക്കുന്നു. ആത്മനിയന്ത്രണത്തിലോ വചനാനുസൃതമോ അല്ലാത്തതും ജഡിക മനോഭാവത്തിൽ ചെയ്യുന്നതുമായ കർത്തൃമേശാചരണത്തിൽ കർത്താവിന്റെ അത്താഴം ചില വ്യക്തികളുടെ അത്താഴമായി മാറുന്നു. ആകയാൽ സഭാ കൂടിവരവ് തുച്ഛീകരണത്തിന്റെ അനുഭവമാകാതെ ക്രിസ്തുവിന്റെ മരണത്തെ ഓർക്കുന്നതും പ്രസ്താവിക്കുന്നതും ആകട്ടെ. കർത്തൃമേശ ക്രിസ്തുവിന്റെ മരണത്താൽ നമുക്കു ലഭിച്ച ആത്മീക കൂട്ടായ്മാ ബന്ധത്തെ സാക്ഷിക്കന്നതുമായിരിപ്പാൻ നാം പ്രത്യേകം ശ്രദ്ധിക്കണം.

## സോദരി സമാജം വാർഷിക സമ്മേളനം

**കുമ്പനാട്** : കുമ്പനാട് സെന്റർ സോദരീ സമാജത്തിന്റെ വാർഷിക സമ്മേളനം 2011 നവംബർ 12 ശനിയാഴ്ച രാവിലെ 10 മണിക്ക് കുമ്പനാട് ബ്രദറൺ സഭാഹാളിൽ നടക്കും . ബ്ര. പി.ഇ. സാംകുട്ടി അദ്ധ്യക്ഷനായിരിക്കും. ബ്രദർ സജി. എ.ജെ. മല്ലശ്ശേരി വചനം ശുശ്രൂഷിക്കും. ഈ സമ്മേളനത്തെ പ്രാർത്ഥനയിൽ ഓർത്താലും.

*ഓമന ജോസ്, സെക്രട്ടറി*

# വേർപാട് ന്യൂസ്

## സ്റ്റുവാർഡ് അസോസിയേഷൻ ഇൻ ഇൻഡ്യയ്ക്കു (SAI) പുതിയ ഭാരവാഹികൾ

**ബാംഗ്ലൂർ :** 2011 സെപ്റ്റംബർ 15–ാം തീയതി ബാംഗ്ലൂർ ഓഫീസിൽ ചേർന്ന വാർഷിക പൊതുയോഗത്തിൽ താഴെ പറയുന്ന സഹോദരന്മാരെ ഭാരവാഹികളായി തിരഞ്ഞെടുത്തു.

**ഗവേണിംഗ് ബോഡി :** ഡോ. എം.പി. ജോസഫ് (ചെയർമാൻ) തോമസ് രാജൻ (ജനറൽ സെക്രട്ടറി & ട്രഷറർ) കെ. സത്യനാരായണ (വൈസ് ചെയർമാൻ), ഐസക് കാന്ത് രാജ് (മെമ്പർ), അഡ്വ. ജോൺ വിക്ടർ (മെമ്പർ).

**കേരള ഡിവിഷൻ മാനേജിംഗ് കമ്മറ്റി:** പ്രൊഫ. ജേക്കബ് തോമസ് (ചെയർമാൻ), പി.പി. മാത്യു (സെക്രട്ടറി), വി. കുര്യാക്കോസ് (ജോയിന്റ് സെക്രട്ടറി), എം.എം. സഖറിയ (മെമ്പർ), അഡ്വ. ബേബി പോൾ (മെമ്പർ), എം.സി. ജോൺ (മെമ്പർ) നിലവിലുള്ള കമ്മറ്റി അംഗങ്ങൾക്കു പുറമെ കേരള ഡിവിഷൻ കമ്മറ്റി അംഗമായി സുവി. സി.പി. അനിയനെ പുതിയതായി തെരഞ്ഞെടുത്തു.

## പാമ്പാടി മ്യൂസിക് ഫെസ്റ്റ്

**കോട്ടയം:** പാമ്പാടിയിലും പരിസരങ്ങളിലുമുള്ള 25–ൽ പരം ബ്രദറൺ സഭകളുടെ സംയുക്ത സംരംഭമായ പാമ്പാടി ഗോസ്പൽ മ്യൂസിക് ഫെസ്റ്റ് 2012 ജനുവരി 11 മുതൽ 15 വരെ പഞ്ചായത്ത് സ്റ്റേഡിയത്തിൽ നടക്കും. കർത്തൃദാസന്മാരായ ചാണ്ടപ്പിള്ള ഫിലിപ്പ്, ജോൺ കുര്യൻ, ജോസ് മാങ്കുടി, പിജി. ജെയിംസ്, വർഗ്ഗീസ് കുര്യൻ എന്നിവർ സന്ദേശം നല്കും. മാത്യു ജോൺ, കുട്ടിയച്ചൻ, ജെ.പി. രാജൻ, ജയിംസ് ജോൺ, ഫിലിപ്പ് കെ. ആൻഡ്രൂസ് എന്നിവർ ഗാനശുശ്രൂഷ നിർവ്വഹിക്കും.

## സുവിശേഷകന്മാരെ പരിചയപ്പെടുക

**വാക്കാട് :** ബ്രദറൺ സഭാംഗമായ സഹോദരൻ പി. ജെ. രാജേഷ് രണ്ടു ബൈബിൾ സ്കൂളുകളിലെ പഠനം പൂർത്തിയാക്കി കുടുംബമായി കർത്തൃവേലയിൽ ആയിരിക്കുന്നു. സഭയിലും ചുറ്റുപാടുകളിലും ഭവനത്തിലും നല്ല സാക്ഷ്യം പുലർത്തി പോരുന്ന സഹോദരന്റെ ശുശ്രൂഷകളും വചനപരിജ്ഞാനവും കർത്തൃവേലയിലുള്ള സഹോദരന്റെ നിസ്വാർത്ഥ സേവനവും സഭയ്ക്ക് പൂർണ്ണ ബോദ്ധ്യമുള്ളതാകയാൽ സഹോദരനെ ദൈവജനത്തിന്റെ മദ്ധ്യത്തിൽ പരിചയപ്പെടുത്തുന്നു. വരുന്ന നാളുകളിൽ താൻ കർത്താവിനു വേണ്ടി വളരെ പ്രയോജനപ്പെടുവാൻ ദൈവജനത്തിന്റെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

എന്ന് സഭയ്ക്കു വേണ്ടി സഹോദരന്മാർ . ടി.എം. ഡാനിയേൽ, എ.ജെ., മാത്യു, വി.പി. മാത്യു

സഹോദരന്റെ മേൽവിലാസം : പി.ജെ. രാജേഷ്, പൈനാട്ടിൽ വീട്, വാക്കാട്, പി.ഒ., മോനിപ്പള്ളി (വഴി), കോട്ടയം പിൻ : 686636,, മൊബൈൽ : 9605910750

**ജാൻസി :** ബിലീവേഴ്സ് ബ്രദറൺ സഭയിലെ സുവിശേഷകനായ തുളസി ഹൈന്ദവപശ്ചാത്തലത്തിൽ നിന്നും രക്ഷിക്കപ്പെട്ട വ്യക്തിയാണ്. നോർത്ത് ഇൻഡ്യ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ബിരുദം നേടിയ ശേഷം ജാൻസി സഭയോട് ബന്ധപ്പെട്ട് പ്രവർത്തിച്ചു വരുന്നു. ഗോത്ര പശ്ചാത്തലത്തിൽ ജനിച്ചു വളർത്തപ്പെട്ട സഹോ. തുളസി മസ്സി സമൂഹത്തിലെ ആലംബഹീനരായ ജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കുവാൻ പ്രത്യേകം ശ്രദ്ധ നല്കുന്നു. സഹോദരന്റെ ദൈവവിളിയും സമർപ്പണവും സഭയ്ക്ക് ബോധ്യം വന്നിട്ടുള്ളതാണ്. ആകയാൽ സഭ സഹോദരനെ കമന്റ് ചെയ്ത് ദൈവജനത്തിന്റെ മുമ്പിൽ പരിചയപ്പെടുത്തുന്നു. നിങ്ങളുടെ പൂർണ്ണ സഹകരണവും പ്രാർത്ഥനയും പ്രതീക്ഷിക്കുന്നു. സഭയ്ക്കു വേണ്ടി ഫിലിപ്പോസ് പി. പി., മോഹൻസിംഗ്, സുനിൽ കുമാർ. സഹോദരന്റെ മേൽവിലാസം : Mr. Thulsi Masih, C/o. P.D. Philipose, Gospel Home, 196, C.P. Mission Compound, Jhansi 284003,U.P.

## മോചനം മൊബൈൽ ഗോസ്പൽ ടീമിന് പുതിയ പ്രവർത്തനം

**ചാലക്കുടി :** സുവി. എം.എൻ. ശശിയുടെ നേതൃത്വത്തിലും കൂട്ടുസഹോദരന്മാരുടെ സഹകരണത്തിലും അധികം പ്രവർത്തനങ്ങൾ നടന്നിട്ടില്ലാത്ത ചാലക്കുടിയുടെ കിഴക്കൻ പ്രദേശമായ മാരാംകോടു മുതൽ കോടാലി വരെയുള്ള 8 കി.മീ. ചുറ്റളവിൽ ഒരു സഭാ കൂടിവരവ് ലക്ഷ്യമാക്കി 2011 ആഗസ്റ്റ് മുതൽ പ്രാർത്ഥനാപൂർവ്വം ചിട്ടയായ സുവിശേഷ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ഈ പ്രവർത്തനം മൂലം ചില കുടുംബ

ങ്ങൾ രക്ഷിക്കപ്പെടുന്നതിനും സഭാസാക്ഷ്യം ഉണ്ടാകുന്നതിനും പ്രത്യേകം പ്രാർത്ഥിക്കുക.

സുവി. ശശി ഇഞ്ചക്കുണ്ട്

## പ്രാർത്ഥനയ്ക്ക്

**എളനാട്** : സഹോ. പി.വി. ഏലിയാസ്– ഹേർണി യയുടെ ഓപ്പറേഷൻ കഴിഞ്ഞ് ഭവനത്തിൽ വിശ്ര മിക്കുന്നു. പ്രാർത്ഥിക്കുക.

**തൃശ്ശൂർ** : സഹോ. വി.കെ. സാമുവേൽ ബൈപ്പാസ് സർജറി കഴിഞ്ഞ് ഭവനത്തിൽ വിശ്ര മിക്കുന്നു. പ്രാർത്ഥിക്കുക.

**തൃപ്പൂണിത്തുറ**: സഹോദരി രജനി ജിബി ഒരു ഓപ്പറേഷൻ കഴിഞ്ഞ് സുഖം പ്രാപിച്ചുകൊണ്ടി രിക്കുന്നു. പ്രാർത്ഥിച്ചവർക്ക് നന്ദി. വീണ്ടും പ്രാർത്ഥിക്കുക.

**ഗുൻഡൂർ (ആന്ധ്ര)**: സുവി. ഡി ആനന്ദ റേ കിഡ്ണി തകരാറു മൂലം ഡയലാസിസ് ഗുൻഡൂർ പ്രൈവറ്റ് ഹോസ്പിറ്റലിൽ നടത്തു ന്നു. പ്രത്യേകം പ്രാർത്ഥിക്കുക.

**ബിലാസ്പൂർ (ഛത്തീസ്ഗഡ്)** : സുവി. അഗ സ്റ്റിൻ കെ. തോമസിന്റെ ഭാര്യ ഷൈനി (34) ബ്രെയിൻ ക്ലോട്ട് ആയതിനെ തുടർന്ന് വേദന അനുഭവിക്കുന്നു. പ്രാർത്ഥിക്കുക

**തൃശ്ശൂർ** : സഹോ. പി.ആർ. വിൽസൻ ക്യാൻസർ ബാധിച്ച് ചികിത്സ തുടരുന്നു. പ്രാർത്ഥിക്കുക.

**തൃശ്ശൂർ** : സുവി. എബ്രഹാം ജോസിന്റെ ഭാര്യ ബിൻസി ഹീമോഗ്ലോബിൻ കുറഞ്ഞ് ഒരു ഓപ്പറേ ഷൻ കഴിഞ്ഞ് വിശ്രമിക്കുന്നു. പ്രാർത്ഥിക്കുക.

**ഒറീസ്സ** : സഹോ. ആൽഫ്രഡ് ജോണി മലേറിയ ബാധിച്ച് ചികിത്സ തുടരുന്നു. പ്രാർത്ഥിക്കുക.

**ഒല്ലൂർ** : സഹോ. ശശീന്ദ്രൻ ഹാർട്ടോപ്പറേഷൻ കഴിഞ്ഞ് വിശ്രമിക്കുന്നു. പ്രാർത്ഥിക്കുക.

**മന്ദമാരുതി** : സഹോ. നാഗേന്ദ്രൻ ഹാർട്ട് ക്ലോട്ട് വന്ന് ചികിത്സ തുടരുന്നു. പ്രാർത്ഥിക്കുക.

**ബച്ചേലി** : സഹോ. സോളമൻ നാമ്പൂർ കിഡ്നി സ്റ്റോൺ മൂലം ചികിത്സ തുടരുന്നു. പ്രാർത്ഥിക്കു ക.

**ഒറീസ** : സുവി. സോളമൻ പ്രധാൻ രക്ത സമർദ്ദം മൂലം ബി.പി. കുറഞ്ഞ് ചികിത്സ തുടരുന്നു. പ്രാർത്ഥിക്കുക.

**ഇടുക്കി** : സുവി. രാജൻ മാത്യുവിന്റെ ഭാര്യ മോളി ലിവറിന് ക്യാൻസർ ബാധിച്ച് ചികിത്സ തുടരുന്നു. പ്രാർത്ഥിക്കുക.

**പാട്ന**: സുവി. ജോസഫ് പീറ്ററിന്റെ മകൾ ബ്രെയിൻ ടി.ബി.യെ തുടർന്ന് വലതു കണ്ണിന് കാഴ്ച നഷ്ടപ്പെട്ട് ചികിത്സ തുടരുന്നു. പ്രാർത്ഥി ക്കുക.

**കണ്ണൂർ** : സുവി. എസ്.കെ. ഡേവിഡ് ഗാൾബ്ലാഡർ സ്റ്റോണിനുള്ള ഓപ്പറേഷൻ കഴിഞ്ഞ് വിശ്രമിക്കു ന്നു. സഹോദരന്റെ പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## മണ്ണാരത്തറ കൺവെൻഷൻ

**സ്ഥലം** : മണ്ണാരത്തറ,
**തീയതി** : 2011 ഡിസംബർ 20 മുതൽ 25 വരെ,

**പ്രസംഗകർ** : ചാണ്ടപ്പിള്ള ഫിലിപ്പ് , കെ.വി. മാത്യു, പി.ജി. ജെയിംസ്, ബിജു. കെ.

## കോട്ടയം കൺവെൻഷൻ

**കോട്ടയം** : 82–ാമത് കോട്ടയം ബ്രദറൺ കൺവെൻഷൻ 2011 നവംബർ 28 മുതൽ ഡിസംബർ 4 ഞായറാഴ്ച വരെ കോട്ടയം തിരുനക്കര മൈതാ നത്തു വച്ചു നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. ഈ വർഷത്തെ പ്രസംഗ കർ: ബ്രദർ ജോസ് മാത്യു, എം.എം. സഖറിയ, ജോൺ കുര്യൻ, ചാണ്ടപ്പിള്ള ഫിലിപ്പ്, വർഗീസ് കെ. കുര്യൻ

രാവിലെ 8.00 ന് പ്രഭാത ധ്യാനം, വൈകീട്ട് 5 മുതൽ ബൈബിൾ പ്രഭാഷണം, 6.00 മുതൽ ഗാനശുശ്രൂഷ, 7.00 മുതൽ സുവിശേഷ സന്ദേശം, കൂടാതെ പരസ്യ യോഗം, സുവിശേഷകന്മാരുടെ സമ്മേളനം, ബാല സംഗമം, യുവജനസമ്മേളനം എന്നീ പരിപാടികളും ഉണ്ടായിരിക്കും. കൺവെൻഷന്റെ അനുഗ്രഹ ത്തിനു വേണ്ടി ദൈവജനം ശ്രദ്ധയോടെ പ്രാർത്ഥി ക്കണമെ. കമ്മിറ്റിക്ക് വേണ്ടി, കൺവീനർ – മാത്യു എബ്രഹാം (9446863338)

## റാന്നി കൺവെൻഷൻ

റാന്നിയിലും പരിസര പ്രദേശങ്ങളിലുമുള്ള പ്രാദേ ശിക ബ്രദറൺ സഭകളുടെ സംയുക്താഭിമുഖ്യ ത്തിൽ നടത്തിവരുന്ന റാന്നി ബ്രദറൺ കൺവെൻഷൻ 2011 നവംബർ 29 ചൊവ്വ മുതൽ ഡിസംബർ 4 ഞായർ വരെ റാന്നി ബ്രദറൺ ഓഡി റ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നതാണ്.

**പ്രസംഗകർ** : ചാൾസ് ജോൺ, ജോൺ കുര്യൻ, വർഗീസ് കുര്യൻ, ചാണ്ടപ്പിള്ള ഫിലിപ്പ്, സ്റ്റീഫൻ ചെറിയാൻ.

## 109–ാമത് കുമ്പനാട് ബ്രദറൺ കൺവെൻഷൻ

**സ്ഥലം** : നോയൽ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിന് സമീപം

**തീയതി** : 25–12–2011 മുതൽ 01–01–2012 വരെ

**പ്രസംഗകർ** : എ.എം. സഖറിയ (കോട്ടയം)
ഡോ. ഒ.എം. സാമുവൽ (മാവേലിക്കര)
ജോസ് മാത്യു (മംഗലാപുരം)
ചാണ്ടപ്പിള്ള ഫിലിപ്പ് (കോട്ടയം)
വർഗീസ് കുര്യൻ (പാമ്പാടി)
ജോൺ പി.തോമസ്(എറണാകുളം)
സാമുവൽ ബി. തോമസ് ( ഉത്തർപ്രദേശ്)
റ്റി.ജി. ബെന്നി (ബാംഗ്ലൂർ)
പ്രസിദ്ധ ഗായകരുടെ ഗാനശുശ്രൂഷ ഉണ്ടായിരിക്കും. വിശദ വിവരങ്ങൾ പിന്നാലെ പ്രസിദ്ധീകരിക്കും.

## ഗോസ്പൽ മ്യൂസിക്ക് ഫെസ്റ്റ് തിരുവല്ല

തിരുവല്ല ബിലീവേഴ്സ് യൂത്ത് സെന്ററിൽ കൂടിയ ബ്രദറൺ സഭകളുടെ പ്രതിനിധി സമ്മേളനത്തിൽ 2012 ഫെബ്രുവരി 24,25,26 തീയതികളിൽ 3-ാമത് ഗോസ്പൽ മ്യൂസിക്ക് ഫെസ്റ്റ് നടത്തുവാൻ തീരുമാനിച്ചു. 25-ാം തീയതി കുട്ടികൾക്കായി പ്രത്യേക പരിപാടി ചിൽഡ്രൻസ് ഫെസ്റ്റ് നടത്തപ്പെടുന്നു. ജനറൽ കൺവീനർ എം.വി. സാമുവൽ കുറ്റപ്പുഴയുടെ നേതൃത്വത്തിൽ 50 പേർ അടങ്ങുന്ന പ്രവർത്തക സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

**ജനറൽ കൺവീനർ :**
എം.വി. സാമുവേൽ, കുറ്റപ്പുഴ

**ജനറൽ കോ- ഓർഡിനേറ്റർ :**
അലക്സ് മേൽപ്പാടം

**പബ്ലിസിറ്റി കോ-ഓർഡിനേറ്റർ :**
ചാൾസ് വർഗിസ്, പുളിക്കീഴ്

**ഫിനാൻസ് കോ - ഓർഡിനേറ്റർ :**
രാജു. കെ. തോമസ് , വെണ്ണിക്കുളം

**സ്റ്റേജ് കോ- ഓർഡിനേറ്റർ :**
ജോൺസൺ വി. തിരുവല്ല

**പ്രയർ കോ- ഓർഡിനേറ്റർ :**
സി.എം. ചാക്കോ, വെണ്ണിക്കുളം

## ഇലന്തൂർ കൺവെൻഷൻ

**ഇലന്തൂർ** : ഇലന്തൂർ പരിയാരം ബ്രദറൺ സഭയുടെ ചുമതലയിൽ എല്ലാ വർഷവും നടത്തിവരാറുള്ള സുവിശേഷ പ്രസംഗവും, സംഗീത ശുശ്രൂഷയും ഈ വർഷവും ഇലന്തൂർ നെടുവേലിൽ ജംഗ്ഷനു സമീപമുള്ള പഞ്ചായത്ത് സ്റ്റേഡിയത്തിൽ 2011 ഡിസംബർ 9, 10,11 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ നടത്തപ്പെടുന്നതാണ്. സഹോദരന്മാരായ സജീവ് വർഗ്ഗീസ് പുതുപ്പള്ളി, ബിനു മാത്യു അയ്മനം എന്നിവർ വചനത്തിൽ നിന്ന് ശുശ്രൂഷിക്കും. ഗാനശുശ്രൂഷ ജെ.പി. രാജൻ നയിക്കുന്ന ടീമാണ് നിർവ്വഹിക്കുന്നത്.

## യു. എ. ഇ. യൂത്ത് കോൺഫ്രൻസ്

ദെയേരാ ബ്രദറൺ സഭയുടെ ചുമതലയിൽ 2011 നവംബർ 5-നു ഏകദിനയൂത്ത് ക്യാമ്പ് നടക്കും. രാവിലെ 9 മുതൽ വൈകുന്നേരം 4.30 വരെയാണ് പ്രോഗ്രാം. ദൈവാലയത്തിൽ വിശ്വാസികൾ നടക്കേണ്ടത് എപ്രകാരം എന്നതാണ് ക്യാമ്പ് തീം. കർത്തൃദാസന്മാരായ പി.ജെ. ജെയിംസ് (ബഹറിൻ), ജോസ് മാത്യു (മംഗലാപുരം) എന്നിവർ ക്ലാസ്സുകൾ എടുക്കുന്നതാണ്. യൂത്ത് കോൺഫ്രൻസിനു വേണ്ടി ബ്ര. ജോൺ തോമസ്.

## പട്ടാമ്പി

കർത്തൃദാസൻ പി.യു തോമസിന്റെ നേതൃത്വത്തിൽ പട്ടാമ്പിയിൽ 2004 ഡിസംബർ മുതൽ സുവിശേഷ മീറ്റിംഗുകളും പരസ്യയോഗങ്ങളും ലഘുലേഖ വിതരണവും ഭവനസന്ദർശനങ്ങളും നടത്തി. തുടർന്ന് ആഴ്ചയിൽ ചില ദിവസങ്ങൾ തുർമാനമായ പ്രവർത്തനങ്ങൾ നടത്തുവാൻ ഇടയായി. കെ.കെ. മാത്യു, സി.കെ. ജോസ്, ബാബു വർഗീസ് എന്നിവരും മറ്റ് പല ദൈവദാസന്മാരും സഹകരിക്കുകയും ചെയ്തു. ഭവനസന്ദർശനത്തിന്റെ ഫലമായി ചിലർ രക്ഷിക്കപ്പെടുവാൻ ഇടയായി. അവിടെയൊരു ബൈബിൾ ക്ലാസ്സ് ആരംഭിക്കുവാൻ വാടകയ്ക്ക് ഒരു റൂം ലഭിക്കുകയും ചെയ്തു. 2009 മാർച്ച് 1-ാം തീയതി പുതിയ നിയമ മാതൃകയിലുള്ള സഭാ കൂടിവരവ് ആരംഭിച്ചു. ഇപ്പോൾ 7 കുടുംബങ്ങളിൽ നിന്ന് 23 പേർ കൂടിവരുന്നുണ്ട്. 15 പേർ കർത്തൃമേശയിൽ സംബന്ധിക്കുന്നു. ഇപ്പോൾ കൂടിവരുന്നത് വാടക കെട്ടിടത്തിലാണ്. അതുകൊണ്ട് ആരാധിക്കാൻ സ്വന്തമായി സ്ഥലവും ഹാളും ഉണ്ടാകുന്നതിനായി ഞങ്ങൾ പ്രാർത്ഥിച്ചുവരുന്നു. ദൈവത്തെയും ദൈവ വേലയേയും സ്നേഹിക്കുന്ന സഭകൾ, വ്യക്തികൾ ഈ ആവശ്യത്തിലേക്ക് നിങ്ങളുടെ ആത്മാർത്ഥമായ പ്രാർത്ഥനയും സഹായസഹകരണവും നല്കണമെന്ന് കർത്താവിൽ ആശ്രയിച്ച് അപേക്ഷിക്കുന്നു.

ഈ ആവശ്യത്തിലേക്ക് സഹായം അയയ്ക്കുന്നവർ എസ്.ബി.ടി. പട്ടാമ്പി ബ്രാഞ്ചിൽ A/C No. 57050708624, IFC 0000186 എന്ന അക്കൗണ്ടിൽ അയക്കുക.

എന്ന് സഭയ്ക്കുവേണ്ടി സഹോദരന്മാർ, ബാബു വർഗ്ഗീസ്, കെ.കെ. മാത്യു, സി.കെ. ജോസ്, പി. യു. തോമസ്.

## ബൈബിൾ ക്ലാസ്സ്

**അടൂർ** : അടൂരിലും പരിസര പ്രദേശങ്ങളിലും ഉള്ള ബ്രദറൺ വിശ്വാസികളുടെ സഹകരണത്തിൽ 2012 ജനുവരി 4 മുതൽ 7 വരെ അടൂർ ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് ബൈബിൾ ക്ലാസ്സുകളും കൺവെൻഷനും നടത്തുവാൻ ആഗ്രഹിക്കുന്നു. രാവിലെ 10 മണി മുതൽ ആരംഭിക്കുന്ന ശുശ്രൂഷകളിൽ വർഗ്ഗീസ് കുര്യൻ, ഏബ്രഹാം ചെമ്പോല, ചാണ്ടിപ്പിള്ള ഫിലിപ്പ്, കെ.,സി. ജോൺസൺ, രാജൻ തോമസ്സ്, ഗായോസ് മാത്യു, എബ്രഹാം തോമസ്സ്, ജോർജ്ജ് കോശി എന്നിവർ വചനശുശ്രൂഷ ചെയ്യുന്നതായിരിക്കും. 7–ാം തീയതി ഫാമിലി കോൺഫ്രൻസും, കുട്ടികളുടെ പ്രത്യേക പരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

## കൺവെൻഷൻ

**അടൂർ** : പിന്നിവിഴ ബഥേൽ ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ 2012 ഫെബ്രുവരി 3 മുതൽ 5 വരെ അടൂർ പന്നിവിഴ വിളയിൽ വടക്കേതിൽ ഭവനത്തിന് മുൻവശം തയ്യാറാക്കുന്ന പന്തലിൽ സുവിശേഷയോഗങ്ങൾ നടക്കും. പ്രസംഗകർ മെസ്സേ. ജോസ് മാങ്കുടി, ജോൺ കുര്യൻ, വർഗ്ഗീസ് കുര്യൻ, ഗാനശുശ്രൂഷ ജെ.പി. രാജൻ.

സഭയ്ക്കുവേണ്ടി : കുഞ്ഞു തോമസ്, ഇവാഞ്ചലിസ്റ്റ് ജോൺസൺ സാം.

## സഭാ ഹാൾ സമർപ്പണ ശുശ്രൂഷ

**മൂക്കൂട്ടുതറ** : ഏകദേശം അഞ്ചു പതിറ്റാണ്ടുകൾക്കു മുമ്പാണ് മൂക്കൂട്ടുതറയിൽ വേർപാടു സഭാ പ്രവർത്തനം ആരംഭിച്ചത്. 1975 ൽ സഭാഹാൾ പണിയുവാനും കർത്താവ് കൃപ ചെയ്തു. എന്നാൽ പ്രസ്തുത കെട്ടിടം കാലപ്പഴക്കം കൊണ്ടു ജീർണ്ണാവസ്ഥയിലായതിനാൽ പുതിയ ഒരു ഹാൾ ആവശ്യമായി വന്നു. തക്ക സമയത്ത് പുതിയ ഹാൾ പണിയുന്നതിനും കർത്താവ് മുഖാന്തരങ്ങൾ ഒരുക്കി. കർത്താവനുവദിച്ചാൽ 2011 നവംബർ 5 നു പുതിയ കെട്ടിടത്തിന്റെ സമർപ്പണ ശുശ്രൂഷ നടത്തുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇവിടുത്തെ സഭയെയും പ്രവർത്തനങ്ങളെയും തുടർന്നും പ്രാർത്ഥനയിൽ ഓർക്കണമെ. പി.എ. ജോസഫ്, കെ.ടി. തോമസ്.

## വാഹനാപകടം

**സെക്കന്തരാബാദ്**: സഹോ. എം.ടി. ആന്റണി ഒക്ടോബർ 17–നുണ്ടായ വാഹനാപകടത്തെ തുടർന്നു ചികിത്സയിലായിരിക്കുന്നു. തലയ്ക്കും അരക്കെട്ടിനും പൊട്ടലുണ്ട്. സഹോദരന്റെ വിടുതലിനായി പ്രാർത്ഥിക്കാം.

**ബിലായ് (ഛത്തിസ്ഘട്ട്)** : സുവിശേഷപ്രവർത്തനത്തിനു പോയ എട്ടംഗസംഘം സഞ്ചരിച്ച വാനും ടെമ്പോ ട്രാവലറും കൂട്ടിയിടിച്ച് ഒരു സഹോദരി നിത്യതയിൽ ചേർക്കപ്പെട്ടു. ബാക്കിയുള്ളവരെ പരുക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ബിലായിൽ നിന്നും മിഷൻ ഫീൽഡിലേക്ക് മടങ്ങുന്നതിനിടയിൽ ഒക്ടോബർ 9 വൈകുന്നേരമാണ് അത്യാഹിതം സംഭവിച്ചത്. ഗുരുതരമായ പരുക്കേറ്റ സിസ്റ്റർ ലിജ തോമസാണ് ആശുപത്രിയിൽ വെച്ച് മരണമടഞ്ഞത്. അപകടത്തിൽപ്പെട്ട മറ്റു സഹോദരങ്ങൾ സുഖം പ്രാപിച്ചു വരുന്നു. ദുഃഖത്തിൽ ആയിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

## മഹത്വത്തിൽ

**കൊല്ലം** : ചരുവിള പുത്തൻവീട്ടിൽ സഹോ. മറിയാമ്മ 11 ഒക്ടോബർ 2011–നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 17–നു കുണ്ടറ ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**എടക്കര** : സഹോദരി അമ്മിണി ഉതുപ്പൻ (64) ക്യാൻസർ രോഗത്തെ തുടർന്നു 19/09/11–ൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 13/10/2011 നു എടക്കര ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**കുമ്പനാട്** : സഹോ. പി.എം. ചാക്കോ (88) ഒക്ടോബർ 10–നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ക്യാൻസർ രോഗബാധിതനായിരുന്നു അദ്ദേഹം.

**അങ്കമാലി** : സഹോദരി ശോശമ്മ ഫിലിപ്പോസ് (82) കടമ്പനാട്ട് 2011 ഒക്ടോബർ 24നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**ബാംഗ്ലൂർ** : സഹോ. ഐപ്പ് ജോസഫ് (ജോയ്) 2011 ഒക്ടോബർ 19–നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. കുമ്പനാട്ടുള്ള ബ്രദറൺ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ മാനേജരായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മൃതദേഹം ഒക്ടോബർ 22 നു ഹോസൂർ റോഡ് (ബാംഗ്ലൂർ) ക്രിസ്ത്യൻ സെമിത്തേരിയിൽ സംസ്ക്കരിച്ചു.


വാർത്തകളും പ്രാർത്ഥനാ വിഷയങ്ങളും പ്രസിദ്ധീകരിക്കുന്നതിന് ഓരോ മാസവും 15 നു മുമ്പായി ലഭിക്കത്തക്കവണ്ണം അയച്ചു തരിക. ഇമെയിൽ വഴിയും എസ്.എം.എസ് ആയും വാർത്തകൾ അയക്കാം. വിലാസം :

**Saneesh Cherian**
Logos Bhavan, Maneed P.O.
Ernakulam 686726, Kerala
E-mail : brethrenassemblynews@gmail.com

ഇ.പി. വർഗീസ്

## പൂർവ്വകാല സ്മരണകൾ.

തുടർച്ച (6) .....




ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർതിരിച്ചാലുണ്ടാകാവുന്ന വൈഷമ്യങ്ങൾ ഈ കാര്യത്തിലും ബാധകമാണ്. Soap & Soup മാത്രം പ്രധാനമാക്കിയെടുക്കുന്ന സമുദായ സേവകന്മാർ ശവക്കുഴി വരെയുള്ള കാര്യങ്ങളിൽ മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ. അതനുസരിച്ചു മതം മാറിയവരെ "ചേറ്റുവേദക്കാർ" എന്നു വിളിച്ചുവന്നു. എന്നാൽ Salvation മാത്രം ഉപദേശിക്കുന്നവർ മരണാന്തര കാര്യങ്ങൾക്കായി മനുഷ്യരെ ഒരുക്കുന്നു. മരണശേഷം സ്വർഗ്ഗത്തിൽ ചെന്നു പറ്റാൻ ആവശ്യമായ കാര്യങ്ങളെപ്പറ്റി ചിന്തിക്കുന്നില്ല. പ്രസംഗങ്ങൾക്കു മുഖവുര, വിഷയവിവരം, പ്രധാന പോയിന്റുകൾ, ഉപസംഹാരം ഇവയെല്ലാം ഭംഗിയായി നിരത്തി വെക്കുന്നു. അതെല്ലാം ആവശ്യം തന്നെ. എന്നാൽ അവയെല്ലാം കാണുവാനും കേൾക്കുവാനും കഴിയത്തക്ക ഒരു നില ദരിദ്രനും വിശന്നു വലയുന്നവരുമായ ആളുകൾക്കുണ്ടോ എന്നു അവർ പരിഗണിക്കാറില്ല.

ഇവ രണ്ടും ഒരുമിച്ചു പോകുന്നതിനു ആവശ്യമായ കരുതലുകൾ ആദ്യകാല മിഷൻ സംഘങ്ങളും മിഷ്യനറിമാരും കണക്കിലെടുത്തിരുന്നു. "മിഷ്യനറി സീൽ" എന്ന ഒരു പുതിയ സാങ്കേതിക പദം ഭാഷയിലുണ്ടാകത്തക്കവിധം അത്യുത്സാഹത്തോടു കൂടെ അന്നുള്ളവർ അവയെ പ്രായോഗികമാക്കിത്തീർക്കുകയും ചെയ്തിരുന്നു. അങ്കമാലിയിൽ വന്നവരായ മി. തൈനും "കൊച്ചു സായ്പും"– കൊച്ചു സായ്പിന്റെ പേർ അറിഞ്ഞുകൂടാ – ഈ കാര്യങ്ങളിൽ മാതൃകകളായിട്ടാണ് പ്രവർത്തിച്ചുവന്നത്.

മിഷ്യനറിമാരുടെ ആത്മീകവും സാമൂഹികവുമായ ഈ ദൃശ്യപ്രവർത്തനങ്ങൾ അങ്കമാലിയിൽ അതിന്റേതായ പ്രത്യാഘാതങ്ങൾ ഉളവാക്കാതിരുന്നില്ല. സാധുജനങ്ങളുടെ ഇടയിലാണ് പ്രധാനമായി പ്രവർത്തിച്ചതെങ്കിലും ഈഴവരുടെയും ക്രൈസ്തവരായ റോമൻ കത്തോലിക്കരുടേയും യാക്കോബായക്കാരുടെയും ഇടയിൽ ഇതൊരു പ്രധാനചിന്താവിഷയവും സംസാരവിഷയവുമായി തീർന്നു. റോമൻ കത്തോലിക്കരാണ് പ്രക്ഷോഭം ഇളക്കിവിടുന്നതിൽ മുൻകൈ എടുത്തത്. മത്തായി സന്യാസി എന്ന പേരിൽ കറുത്തിരുണ്ട ദീർഘകായനായ ഒരു മനുഷ്യൻ എവിടെ നിന്നോ വന്നു ചേർന്നു. ദൂഷണം പറയുവാൻ അദ്ദേഹത്തിനുണ്ടായിരുന്ന കഴിവ് അസാധാരണമായിരുന്നു. സന്ന്യാസ സംഘങ്ങൾ ധരിക്കുന്ന ചോക്ലേറ്റു നിറത്തിലുള്ള ഒരു അങ്കി ധരിച്ചു അരയിൽ തടിച്ച ചണക്കയറുകൊണ്ട് തൊങ്ങലുകൾ നീണ്ടു കിടക്കുന്ന ഒരു കെട്ടും, അതിനോടു ബന്ധിച്ചു 'കൊന്ത' എന്ന പേരിലറിയപ്പെടുന്ന ഒരു ജപമണിമാലയും അദ്ദേഹത്തിനുണ്ടായിരുന്നു. മി. തൈൻ താമസിച്ചിരുന്ന പുരയിടത്തിന്റെ കിഴക്കേ കയ്യാലയിൽ കയറിനിന്നു, സാമാന്യം വലിയ ഒരു കൂട്ടം ആളുകളോടു കുറെക്കാലത്തേക്കു നിരന്തരമായി പ്രസംഗം നടത്തിവന്നു. പ്രസംഗത്തിൽ ആകെ ഉണ്ടായിരുന്നത്; "ഇവരെല്ലാം അന്ത്യകാലത്തു വരുമെന്നു

> **റോമൻ കത്തോലിക്കരാണ് പ്രക്ഷോഭം ഇളക്കിവിടുന്നതിൽ മുൻകൈ എടുത്തത്. മത്തായി സന്യാസി എന്ന പേരിൽ കറുത്തിരുണ്ട ദീർഘകായനായ ഒരു മനുഷ്യൻ എവിടെ നിന്നോ വന്നു ചേർന്നു. ദൂഷണം പറയുവാൻ അദ്ദേഹത്തിനുണ്ടായിരുന്ന കഴിവ് അസാധാരണമായിരുന്നു. സന്യാസ സംഘങ്ങൾ ധരിക്കുന്ന ചോക്ലേറ്റു നിറത്തിലുള്ള ഒരു അങ്കി ധരിച്ചു അരയിൽ തടിച്ച ചണക്കയറുകൊണ്ട് തൊങ്ങലുകൾ നീണ്ടു കിടക്കുന്ന ഒരു കെട്ടും, അതിനോടു ബന്ധിച്ചു 'കൊന്ത' എന്ന പേരിലറിയപ്പെടുന്ന ഒരു ജപമണിമാലയും അദ്ദേഹത്തിനുണ്ടായിരുന്നു.**

ഈശോമിശിഹാ തമ്പുരാൻ അരുളിച്ചെയ്ത കള്ള ക്രിസ്തുക്കളും ആടുകളെ പിടിക്കുന്ന ചെന്നായ്ക്കളും ആകുന്നു" എന്നാണ്. ആരുമാരും ഇല്ലാതിരുന്ന ആ സ്ഥലത്ത്, അങ്ങാടിയിൽ നിന്നും ചന്തയിൽ നിന്നും ഒരു കൂട്ടം ആളുകളെ, പ്രധാനമായി കത്തോലിക്കരെ കൂട്ടിക്കൊണ്ടു വന്നാണ് ഈ പ്രസംഗപരമ്പര നടത്തിവന്നത്. ഈ പ്രക്ഷോഭണം ഒരളവോളം സുവിശേഷപ്രചരണത്തിനു സഹായകമായി ഭവിച്ചു. "എനിക്കു ഭവിച്ചതു സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായിത്തീർന്നു" എന്നു ഫിലിപ്പ്യരോടു പൗലൂസ് പറഞ്ഞത്, അങ്കമാലിയിലെ കത്തോലിക്കരുടെ എതിർപ്പുകൾ സാർത്ഥകമാക്കിതീർത്തു. പില്ക്കാലത്തു അനവധി കൊല്ലങ്ങളിൽ തുടർന്നു വന്ന പീഢനങ്ങളുടെ നാന്ദിയായിട്ടാണ് ഈ ദൂഷണ പരമ്പര ആരംഭിച്ചത്. എന്നാൽ അതു മൂലം അങ്കമാലിയിൽ നിന്നു സുവിശേഷത്തിന്റെ ധ്വനികൾ പരിസരങ്ങളിൽ മുഴങ്ങിച്ചെല്ലുന്നതിനും "ഇത് എന്താണ്" എന്നറിയുന്നതിനുള്ള ആകാംക്ഷ അനേകരിൽ ഉത്ഭവിപ്പിക്കുന്നതിനും അത് ദൈവകരങ്ങളിൽ ഭവിച്ചു. അങ്ങനെ" ഭക്ഷിക്കുന്നവനിൽ നിന്നു ഭക്ഷണവും മല്ലനിൽ നിന്നു മധുരവും" പുറപ്പെട്ടു എന്ന ശിംശോന്റെ കടങ്കഥയുടെ പൊരുൾ അങ്കമാലിയിൽ തെളിഞ്ഞു പ്രത്യക്ഷപ്പെടാനിടയായി.

ഈ കാലഘട്ടത്തിലായിരുന്നു ഏബ്രഹാം ഉപദേശി വിവാഹിതനായത്. കഷ്ടാനുഭവങ്ങൾക്കായി സമർപ്പിക്കപ്പെട്ട ഒരാൾക്കു ചേരുന്ന ഒരു 'തുണ'യല്ലായിരുന്നു മിസ്സസ് നമ്പി. കാഴ്ചയ്ക്കു സൗന്ദര്യവും സാമാന്യം നല്ല വിദ്യാഭ്യാസവുമുള്ള ഒരു സ്ത്രീയായിരുന്നു അവർ. എങ്കിലും അങ്കമാലിയിലെ സുവിശേഷ പ്രവർത്തനങ്ങളിൽ നമ്പി ഉപദേശിക്കു തുണയായിരിക്കുവാൻ കഴിയുന്ന ഒരു സ്ത്രീ അല്ലായിരുന്നു. അതുകൊണ്ട് ഇവിടുത്തെ പോരാട്ടങ്ങളിൽ നിലനില്ക്കുവാൻ കഴിയാതെ അദ്ദേഹം സ്ഥലം വിട്ടു. അദ്ദേഹം വളരെ ശുദ്ധഗതിക്കാരനായ ഒരാളായിരുന്നു എന്നതിൽ സംശയമില്ല. തനിക്കു ഒരു തുണയെ അന്വേഷിച്ചപ്പോൾ അതിനു ഉപയോഗപ്പെടുത്തിയ മാനദണ്ഡം ആത്മികമായിരുന്നില്ല. അതിന്റെ കയ്പേറിയ ഫലം അദ്ദേഹം അനുഭവിക്കേണ്ടതായി വന്നു.

അദ്ദേഹം പോകുന്നതിനു മുമ്പായി ലോനപ്പൻ ഉപദേശി അങ്കമാലിയിൽ വന്നുചേർന്നതായിട്ടാണ് എന്റെ ഓർമ്മ. മി. തൈൻ പോകുന്നതിനു മുമ്പെ തന്നെ, "കൊച്ചു സായ്പ്" നാട്ടിലേക്കു പോയി. മി. തൈൻ എത്രകൊല്ലം ഇവിടെ താമസിച്ചു എന്നു കൃത്യമായി എനിക്കറിഞ്ഞുകൂടാ. എന്നാൽ സുവിശേഷം ഈ പ്രദേശങ്ങളിൽ മുഴങ്ങി കേൾപ്പിക്കുന്നതിനും സാമാന്യജനത്തിന്റെ ശ്രദ്ധയ്ക്കു ഇക്കാര്യം വിഷയീഭവിപ്പിക്കുന്നതിനും അദ്ദേഹത്തിന് സാധിച്ചിരുന്നു. എന്റെ മൂത്ത സഹോദരൻ അദ്ദേഹത്തിന്റെ കാലത്തു രക്ഷിക്കപ്പെട്ടതാണ്. അനേകരിൽ ദൈവവചനം ആഴത്തിൽ പതിപ്പിക്കുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. എന്നാൽ സഭയ്ക്കു ശരിയായ ഒരു രൂപം വരുത്തുന്നതുവരെ താമസിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ആ ചുമതല ദൈവം ലോനപ്പൻ ഉപദേശിയെയാണ് ഏല്പിച്ചിരുന്നത്. മി. തൈൻ പോകുമ്പോൾ അധികം താമസം കൂടാതെ തിരിച്ചുവരുമെന്നാണ് വിചാരിച്ചിരുന്നതെങ്കിലും, എന്തു കാരണം കൊണ്ടാണെന്നു എനിക്കറിഞ്ഞുകൂടാ, അദ്ദേഹം മടങ്ങിവന്നില്ല. എന്റെ ജേഷ്ഠ സഹോദരനുമായി പല കൊല്ലങ്ങളോളം എഴുത്തുകുത്തുകളുണ്ടായിരുന്നു. അദ്ദേഹം തിരിച്ചുവരുന്നില്ല എന്ന അറിവും മറ്റു പലർക്കും വിശേഷാൽ എന്റെ ജേഷ്ഠസഹോദരനും ദുസ്സഹദുഃഖത്തിനു കാരണമായി ഭവിച്ചു. എന്നാൽ ഇവിടുത്തെ ആവശ്യങ്ങൾക്കു തക്കതായ ഒരു ഉപകരണമായി ദൈവം ഉദ്ദേശിച്ചിരുന്നത് ലോനപ്പൻ ഉപദേശിയെയായിരുന്നു എന്നത് പിന്നീടുള്ള സംഭവങ്ങൾ സ്പഷ്ടമാക്കി. ●

ഡോ. ജോൺസൺ സി. ഫിലിപ്പ്

# എന്താണ് പ്രാണിക് ഹീലിങ്ങ്?



പ്രാണിക് ഹിലിങ്ങ് അനുഭാവികൾക്കനുസരിച്ച് മനുഷ്യശരീരത്തിനു ചുറ്റും അദൃശ്യമായ ഒരു പ്രഭാവലയം ഉണ്ട്. അവർ ഇതിനെ"ബയോപ്ലാസ്മിക് ബോഡി" യെന്നു വിളിക്കുന്നു. ഈ "പ്രഭാവലയ' ത്തിലാണ് പ്രാരംഭമായി എല്ലാ രോഗലക്ഷണങ്ങളും വെളിപ്പെടുന്നത് എന്ന് അവർ അവകാശപ്പെടുന്നു. "പ്രാണാ", അല്ലെങ്കിൽ 'കി'യെന്നു വിളിക്കുന്ന അദൃശ്യ ഊർജ്ജമാണ് ഓരോ വ്യക്തിക്കും സൗഖ്യവും ഉന്മേഷവും നൽകുന്നത്.

രോഗത്തിനു കാരണമായ മലിനപ്പെട്ട 'കി' ഊർജ്ജത്തെ അവരുടെ അഭ്യസ്തകരങ്ങൾ കൊണ്ട് ആവാഹിച്ച് ഉപ്പുവെള്ളത്തിൽ നിക്ഷേപിക്കും. പിന്നീട് നിർദ്ദിഷ്ട സ്രോതസ്സുകളിൽ നിന്ന് ശുദ്ധമായ 'കീ' ഊർജ്ജം ശേഖരിച്ചിട്ട് അതു രോഗിയുടെ ശരീരത്തിൽ നിക്ഷേപിക്കും. ആവശ്യത്തിനനുസരിച്ച് ഈ പ്രക്രിയ ആവർത്തിക്കാവുന്നതാണ്. അടുത്ത ചില മണിക്കൂറുകൾ രോഗി മറ്റുള്ളവരെ സ്പർശിക്കുകയോ രോഗ ബോധിത അവയവം കഴുകുകയോ അരുതെന്ന് ചില ഹീലേഴ്സ് നിർദ്ദേശിക്കും. ഇത് 'കി' ഊർജ്ജം ചോർന്നു പോകാതിരിക്കുവാൻ ആവശ്യമാണെന്ന് അവർ അവകാശപ്പെടുന്നു.

**ഇതു ശാസ്ത്രീയമോ?**

പ്രാണിക് ഹീലിങ്ങ് ഒരു ശാസ്ത്രീയ കണ്ടുപിടുത്തമാണെന്നും, മനുഷ്യ ശരീരത്തിനു ചുറ്റുമുള്ളതായിട്ട് പറയപ്പെടുന്ന 'ബയോപ്ലാസ്മിക് വലയം' കിർലിയാൻ ഫോട്ടോഗ്രാഫിയെന്ന ശാസ്ത്ര-സാങ്കേതിക വിദ്യയിൽ കൂടെ കണ്ടുപിടിച്ചതാണെന്നും പലരും അവകാശപ്പെടുന്നു. ഇതൊരു വ്യാജപ്രസ്താവനയാണ്. കിർലിയാൻ ഫോട്ടോഗ്രാഫി ശാസ്ത്രത്തിന്റെ ഭാഗമല്ല, ആഭിചാര ശാസ്ത്രങ്ങളുടെ ഭാഗമാണ്. ഈ വിദ്യ ഉപയോഗിച്ച് മനുഷ്യരുടെ ചിത്രം ഇന്നു വരെ ആരും എടുത്തിട്ടില്ലതാനും (Encyclopedia Britannica, Encyclopedia of Paranormal) വാസ്തവത്തിൽ മാന്ത്രിദൃഷ്ടിയുള്ളവർ അവരുടെ മാന്ത്രിക കഴിവുകൊണ്ടാണ് ഇങ്ങനെയൊരു ആഭാവലയത്തെ കണ്ടുപിടിച്ചതെന്ന് ചവോകോക് സൂയി തന്റെ ആധികാരിക ഗ്രന്ഥത്തിൽ ആവർത്തിച്ചുപറയുന്നുണ്ട്.

മാന്ത്രിക ശക്തികളിൽ കുടി കണ്ടുപിടിച്ച കാര്യങ്ങൾ ആഭിചാര ശാസ്ത്രത്തിന്റെ ഭാഗമാണെന്നുള്ളത് വേർപ്പെട്ട ദൈവജനത്തോട് എടുത്തു പറയേണ്ട ആവശ്യമില്ലല്ലോ. ആഭിചാര ശാസ്ത്രവക്താക്കൾ മനുഷ്യശരീരത്തിൽ നിന്ന് ഉഴിഞ്ഞെടുക്കുന്ന ഊർജ്ജത്തിനു പകരം അദൃശ്യ സ്രോതസ്സുകളിൽ നിന്നു ലഭിച്ച ഊർജ്ജം തിരിച്ചു നിക്ഷേപിക്കുമ്പോൾ അതു ഏതു രീതിയിലുള്ള ഊർജ്ജമാണെന്നും വിശ്വാസികൾക്കു മനസ്സിലാക്കാവുന്നതേയുള്ളു. ഉപ്പുവെള്ളത്തിന്റെ ഉപയോഗത്തെക്കുറിച്ച് അന്വേഷിക്കുമ്പോൾ; മലിനമായ എല്ലാറ്റിനേയും നശിപ്പിക്കുന്ന ഒരു 'രാസവസ്തു ' വാണ് ഉപ്പെന്ന് ഇവരിൽ പലരും പറയാറുണ്ട്. ഇത് ആഭിചാരത്തിനു ശാസ്ത്രീയ നിറം കൊടുക്കുവാനുള്ള ഒരു വ്യർത്ഥ പ്രയത്നം മാത്രമാണ്. "ഹവായി" രാജ്യത്തെ ഗോത്രവർഗ്ഗത്തിൽപ്പെട്ട മന്ത്രവാദികളിൽ നിന്നാണ് ഈ രീതി സ്വീകരിച്ചതെന്ന് പ്രാണിക് ഹീലിങ്ങിന്റെ ആചാര്യൻ തന്നെ പറ

യുന്നുണ്ട്. ഉപ്പുവെള്ളം മലിനമായ "കി" ഊർജ്ജത്തെ നശിപ്പിക്കുമെന്ന് സ്ഥിരീകരിച്ചത് മാന്ത്രിക ദൃഷ്ടി കൊണ്ടാണെന്നും ഈ ഭാഗത്ത് അംഗീകരിച്ചിട്ടുണ്ട്. സകലത്തേയും ശോധന ചെയ്ത് നല്ലതിനെ മാത്രം സ്വീകരിക്കുവാൻ നിർദ്ദേശം ലഭിച്ച വേർപെട്ട വിശ്വാസികൾ ഇവരുടെ ഗ്രന്ഥങ്ങളിലുള്ള പ്രസ്താവനകളെ ശോധന ചെയ്തിട്ട് നമുക്ക് ഉചിതമല്ലാത്തതിനെ തള്ളിക്കളയേണ്ടത് ആവശ്യമാണ്.

ചുരുക്കിപ്പറഞ്ഞാൽ, ഇത് ഒരു ശാസ്ത്രീയ പ്രതിഭാസം അല്ല. ഇതു പരിശുദ്ധാത്മാവും അല്ല. ഇതു ശാസ്ത്രീയ നിറം നൽകി അവതരിപ്പിക്കപ്പെട്ട ഒരു ആഭിചാര ശാസ്ത്രമാണ്.

**തട്ടിപ്പിൽ അധിഷ്ഠിതമായ അവകാശവാദങ്ങൾ**

നമ്മുടെ ചില സഹോദരന്മാർ വളരെ ആവേശത്തോടു കൂടെ പ്രാണിക് ഹീലിങ്ങിനെ നമ്മുടെയിടയിൽ പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ ഈ ചികിത്സാവിധി ശാസ്ത്രീയവുമല്ല, ദൈവികവുമല്ലായെന്നു വിശ്വാസികൾ മനസ്സിലാക്കിയാൽ ഇവരുടെ പ്രസ്ഥാനം കുഴപ്പത്തിലാകും. അതുകൊണ്ട് ഈ ചികിത്സാ വിധിയെ ദൈവികമെന്നും, ശാസ്ത്രീയമെന്നും തെളിയിക്കാൻ നമ്മുടെ ഇടയിലുള്ളവർ വളരെ ബദ്ധപ്പെടുന്നുണ്ട്. ഇതിനു വേണ്ടി ധാരാളം വ്യാജ പ്രസ്താവനകൾ ഇവർ നമ്മുടെയിടയിൽ പ്രചരിപ്പിക്കുന്നുണ്ട്. ഇതിൽ ചില പ്രസ്താവനകളും, അതിലുള്ള അസത്യങ്ങളും വെളിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു.

**പ്രസ്താവന**: മനുഷ്യ ശരീരത്തിനു ചുറ്റും "ഒരു പ്രഭാ വലയം ഉണ്ട്. ഇത് "കിർലിയാൻ ഫോട്ടോഗ്രാഫിയിലൂടെ കണ്ടു പിടിക്കപ്പെട്ട ഒരു ശാസ്ത്ര സത്യമാണ്."

**വസ്തുത** : അങ്ങനെ ഒരു ആഭാവലയം ഉള്ളതായിട്ട് ഇന്നുവരെ ഒരു ശാസ്ത്രജ്ഞനും തെളിയിച്ചിട്ടില്ല. നേരെ മറിച്ച് "മാന്ത്രിക" ദൃഷ്ടിയുള്ള പലരും അവരുടെ വിശിഷ്ട ദൃഷ്ടിയിൽ കൂടെയാണ് ഈ വലയം കണ്ടുപിടിച്ചതെന്ന് അവരുടെ ഗുരുനാഥൻ തന്നെ സമ്മതിക്കുന്നുണ്ട്. "മാന്ത്രിക" ദൃഷ്ടിയിൽ കൂടെ കണ്ടുപിടിക്കുന്ന പ്രതിഭാസങ്ങൾ ശാസ്ത്രീയമോ പൈശാചികമോ എന്നുള്ളത് വിശ്വാസികൾക്കു വ്യക്തമാണല്ലോ.

വാസ്തവത്തിൽ ഈ ഫോട്ടോഗ്രാഫിക്ക് ശാസ്ത്രീയ ഗവേഷണങ്ങളുമായി ഒരു ബന്ധവുമില്ല. 'കിർലിയൻ' എന്നു പേരുള്ള ഒരു നിഗൂഢ ശാസ്ത്ര (മന്ത്രവാദ) പ്രവർത്തകൻ തന്റെ മാന്ത്രിക പരീക്ഷണങ്ങൾക്കു ശാസ്ത്രീയ നിറം നൽകുവാൻ കണ്ടുപിടിച്ച ഒരു കൃത്രിമ പണിയാണ് കിർലിയൻ ഫോട്ടോഗ്രാഫി. എല്ലാ എൻസൈക്ലോപീഡിയകളും ഈ "പരീക്ഷണത്തെ" മാന്ത്രിക ശാസ്ത്രമായിട്ടാണ് വെളിപ്പെടുത്തുന്നത്. കാരണം, ഈ പ്രക്രിയ ശാസ്ത്രജ്ഞന്മാരല്ല, മന്ത്രവാദികളാണ് ഉപയോഗിക്കുന്നത്.

**പ്രസ്താവന**: എല്ലാ ശാരീരിക രോഗങ്ങളും ഈ ഊർജ്ജവലയത്തിൽ ആരംഭിക്കുന്നതായിട്ടു കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു.

**വസ്തുത**: ആധുനിക ശാസ്ത്രവും, ശാസ്ത്രജ്ഞന്മാരും ഈ രീതിയിലുള്ള ഒരു വലയവും കണ്ടുപിടിച്ചിട്ടില്ല. നേരെ മറിച്ച് നിഗൂഢശാസ്ത്രങ്ങൾ അഭ്യസിക്കുന്നവരാണ് (മന്ത്രവാദികൾ) അതു കണ്ടുപിടിച്ചതെന്ന് പ്രാണിക് ഹീലിങ്ങ് പുസ്തകം പറയുന്നു. അങ്ങനെയുള്ള മാന്ത്രിക പ്രതിഭാസങ്ങളുമായി ഒരു വിശ്വാസിയുടെ സമീപനം എന്തായിരിക്കണം എന്നുള്ളത് നമുക്ക് എല്ലാവർക്കും അറിയാവുന്നതാണ്.

**പ്രസ്താവന**: ഇത് ശാസ്ത്രീയമായ ചികിത്സാരീതി ആയതുകൊണ്ടാണ് ഇതിനു സർവ്വകലാശാലയുടെ അംഗീകാരം ലഭിച്ചത്.

**വസ്തുത**: അമേരിക്ക ഉൾപ്പടെ ലോകത്തിലെ പല വികസിത രാഷ്ട്രങ്ങളിൽ മുപ്പതോളം സർവ്വകലാശാലകൾ ഇന്നു മന്ത്രവാദത്തിലും പൈശാചിക വിദ്യകളിലും ബിരുദങ്ങൾ നൽകുന്നുണ്ട്. അതുകൊണ്ട് ഒരു വിഷയത്തിന് ഒരു സർവ്വകലാശാലയുടെ അംഗീകാരം ലഭിച്ചതുകൊണ്ട് അത് ഒരു ശാസ്ത്രവിഷയം ആകണമെന്നില്ല.

**പ്രസ്താവന**: ശരീരത്തിൽ പതിനൊന്നു ചക്രങ്ങളുണ്ടെന്നും അതിൽ കൂടെ പ്രാണിക് ഊർജ്ജം പ്രവഹിക്കുന്നു എന്നുമുള്ള വസ്തുതകൾ ശാസ്ത്രം കണ്ടുപിടിച്ചിട്ടുണ്ട്.

**വസ്തുത** : ഇതൊരു വ്യാജ പ്രസ്താവനയാണ്. ഭൗതിക ശാസ്ത്രങ്ങളോ ഔഷധശാസ്ത്രങ്ങളോ പ്രസ്തുത ചക്രങ്ങളെയോ അവയിൽ കൂടെ പ്രവഹിക്കുന്നതായിട്ടു പറയപ്പെടുന്ന ഊർജ്ജത്തെയോ കണ്ടുപിടിച്ചിട്ടില്ല. അവരുടെ പുസ്തകത്തിന്റെ രണ്ടാം അദ്ധ്യായം പറയുന്നത്, മാന്ത്രിക ദൃഷ്ടിയിൽ കൂടെയാണ് ഈ വിഷയങ്ങൾ കണ്ടുപിടിച്ചത് എന്നാണ്. അവരുടെ പുസ്തകത്തിന്റെ ഇരുപത്തിയാറുതൊട്ട് മുപ്പത്തിരണ്ടു വരെയുള്ള താളുകളിൽ ഇതു വ്യക്തമാക്കിയിട്ടുണ്ട്. നിഗൂഢ ശാസ്ത്രങ്ങളുടെ സഹായം കൊണ്ട് കണ്ടുപിടിക്കാവുന്ന അറിവ് ശാസ്ത്രീയമല്ല, പൈശാചികമാണ്.

**പ്രസ്താവന**: പരിശുദ്ധാത്മാവ് ആകുന്നു ഈ വിധിയിൽ കൂടെ സൗഖ്യം നൽകുന്നത്.

**വസ്തുത** : ഈ "പരിശുദ്ധാത്മാവ്" വേദപുസ്തകത്തിൽ കാണപ്പെടുന്ന ദൈവാത്മാവല്ല. കാരണം ഈ

ആത്മാവു തന്നെയാണ് റ്റാവോ മാന്ത്രികന്മാരുടെ "ദിവ്യ" ശക്തിയായ "കി". കബാലാ മന്ത്രവാദികളുടെ പ്രകാശ –സ്തംഭം, ഭാരതീയ ഹഠയോഗികളുടെ മനസ്സിൽ ഉദിക്കുന്ന "പ്രകാശം" മുതലായവ എന്ന് അവരുടെ പുസ്തകത്തിന്റെ പേജ് 228 ൽ പറഞ്ഞിട്ടുണ്ട്. ഇതു തന്നെയാണ് ഹിന്ദുക്കൾ "ഓം" എന്നു അഭിസംബോധനചെയ്യുന്ന ശക്തിയെന്ന് പേജ് 229 ലും മറ്റു പല സ്ഥലത്തും പറഞ്ഞിട്ടുണ്ട്. ഒരു പാഷണ്ഡമതക്കാരനും ഒരു വ്യാജ വേർപാട് വിശ്വസിക്കും മാത്രമേ ഇതെല്ലാം പരിശുദ്ധാത്മാവിന്റെ പേരുകളാണെന്ന് അവകാശപ്പെടുവാൻ സാധിക്കു.

**പ്രസ്താവന:** ഈ ചികിത്സാ വിധിയിൽ ഒരു രീതിയുലുമുള്ള ആത്മാക്കളോ പരാ – ശക്തികളൊ പ്രവർത്തിക്കുന്നില്ല.

**വസ്തുത** : ഈ ചികിത്സാ വിധിയിൽ ഏർപ്പെടുന്നവരെ പല രീതിയിലുള്ള അദൃശ്യ ആത്മാക്കൾ സഹായിക്കുന്നതായിട്ട് ഇവരുടെ പുസ്തകത്തിന്റെ 215,216,218,219 പേജുകളിൽ പറഞ്ഞിട്ടുണ്ട്. സൗഖ്യം തേടുന്ന ഓരോ വ്യക്തിയും ഈ അദൃശ്യ ആത്മാക്കളുടെ പ്രഭാവത്തിലും നിയന്ത്രണത്തിലും ആയിത്തീരുന്നുവെന്ന് ഇവിടെ സൂചനനല്കിയിരിക്കുന്നു.

മനുഷ്യനുമായിട്ട് ഇന്നു ബന്ധപ്പെടുന്ന എല്ലാ ആത്മാക്കളും പൈശാചിക ആത്മാക്കളാണെന്ന് തിരുവെഴുത്ത് വ്യക്തമാക്കുന്നു. അങ്ങനെയിരിക്കെ ഇത് ഒരു രീതിയിലുമുള്ള "സേവ" അല്ലായെന്നു നമ്മുടെ ചില സഹോദരന്മാർ അവകാശപ്പെടുന്നതിൽ അർത്ഥമില്ല. ഇതു പരിശുദ്ധാത്മാവ് ആണെന്നു പഠിപ്പിക്കുന്നതു ഭോഷ്കിന്റെ ആത്മാവും ഭൂതങ്ങളുടെ ഉപദേശവും ആകുന്നു.

●

◀ 2–ാം പേജിൽ നിന്നും കരയേണ്ട



ത്തിയും ചെയ്തതായി കാണുന്നില്ല. ജീവിതത്തിലെ സന്തോഷങ്ങൾ മാറ്റപ്പെടുമ്പോൾ, ആശ്രയ സ്ഥാനങ്ങൾ ഇല്ലാതെയാകുമ്പോൾ നാം പരിഭ്രമിക്കുന്നു. എന്തുചെയ്യേണ്ടു എന്നു നാം അമ്പരക്കുന്നു എന്നാൽ എല്ലാ നാളും കൂടെയുള്ളവൻ കരയേണ്ട എന്നു നമ്മോടു പറയുന്നു. യഹോവ തന്റെ വിശുദ്ധ നിവാസത്തിൽ അനാഥർക്കു പിതാവും വിധവയ്ക്കു ന്യായപാലകനും ആകുന്നു. ഇന്നു മരിച്ചവരെ ആ രംഗത്തു വെച്ചു തന്നെ ഉയിർപ്പിച്ചു കിട്ടുന്നില്ല. ബുദ്ധിക്ക് മനസ്സിലാക്കാൻ കഴിയാത്ത വിധം കണ്ണുനീരും സങ്കടങ്ങളും അനുഭവിക്കേണ്ടി വരുന്നു എന്നതു ശരി തന്നെ. എന്നാൽ എല്ലാം നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കുന്നവൻ എല്ലാ നാളും കൂടെയുള്ളവൻ, കൈവിടുകയും ഉപേക്ഷിക്കുകയും ചെയ്യാത്തവൻ നമ്മുടെ കുറവുകൾ തീർക്കുന്നവനായി കൂടെയുണ്ട്. ജീവിതത്തിൽ എന്തു നമുക്കു നഷ്ടപ്പെട്ടോ അതിനേക്കാൾ ഉത്തമനായിട്ട്, എല്ലാ കുറവുകളും പരിഹരിപ്പാൻ ശക്തനായിട്ട് അവൻ കൂടെയുണ്ട്.

പ്രിയപ്പെട്ടവരേ, തുണയില്ലാത്തവർ എന്ന് ആരെങ്കിലും ഭാരപ്പെടുന്നുണ്ടെങ്കിൽ ഇതാ സഹായകനായി സർവ്വശക്തൻ– ആർദ്രതയും മനസ്സലിവും ഉള്ളവൻ, ഏതു കാര്യവും പരിഹരിപ്പാൻ ശക്തനും മനസ്സുള്ളവനും . അവനിൽ ആശ്രയിച്ചുകൊണ്ട് കരയാത്തവരായി, എപ്പോഴും സന്തോഷിക്കുന്നവരായി, കഷ്ടതകളിൽ പ്രശംസിക്കുന്നവരായി നമുക്കു ജീവിക്കാം. ഇന്നത്തെ ദുഃഖ സന്ദർഭങ്ങൾ നമ്മുടെ ജീവിതത്തിന്റെ അന്ത്യമല്ല. യാത്രയിലെ ചില ശോകവേളകൾ മാത്രം. സീയോൻ നഗരം നോക്കി യാത്ര ചെയ്യുന്ന സഞ്ചാരികളായ നാം ഒരുനാൾ നമ്മുടെ ലക്ഷ്യ സ്ഥാനത്തു എത്തും. കണ്ണുനീരും ദുഃഖവും മരണവും വേർപാടും ഇല്ലാത്ത സന്തോഷവീട്ടിൽ, പിരിഞ്ഞുപോയ പ്രിയരോട് ചേർന്ന് ജയത്തിന്റെ ഗീതങ്ങൾ പാടും. പിന്നെ ഒരിക്കലും മരണവും വേർപാടും നമ്മെ അലട്ടുകയില്ല. ആ മനോഹര ലക്ഷ്യത്തെ നോക്കി നമ്മുടെ ഓട്ടം സ്ഥിരതയോടെ ഓടാം. കർത്താവ് നമ്മെ സഹായിക്കട്ടെ.

●

മിസസ് ശാന്താ ജോൺസൺ

## കഥയും കാര്യവും

# സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട



ദൈവത്തിന്റെ സ്വന്തം നാടെന്നു കേളികേട്ട കേരളക്കരയിലെ ഒരു കൊച്ചുഗ്രാമം. ഹരിതപൂർണ്ണമായ സസ്യാദികളും സ്നേഹസമ്പന്നരായ മനുഷ്യരുമുള്ള ഒരു ഗ്രാമം. അവിടെ മിടുക്കനായ ഒരു ബാലനുണ്ടായിരുന്നു. അവനെ നമുക്ക് ലല്ലു എന്നു വിളിക്കാം. എല്ലാവരുടെയും കണ്ണിലുണ്ണിയായിരുന്ന അവൻ ഒരിക്കൽ നടന്നുപോകുമ്പോൾ ഒരു ചേരപാമ്പ് ഇഴഞ്ഞുപോകുന്നതു കണ്ടു. കൗതുകം തോന്നിയ ലല്ലു അതിനെ പിടിച്ചു. പാമ്പു പിടുത്തത്തിൽ ഹരമേറിയ ലല്ലു കാണുന്ന പാമ്പിനെയെല്ലാം പിടികൂടാൻ തുടങ്ങി. അങ്ങനെ പിടിക്കുന്ന പാമ്പിനെയെല്ലാം വീട്ടിലെ ഒരു മുറിയിലിട്ട് വളർത്തുവാൻ തുടങ്ങി. വില്ലൂന്നി മുതൽ അണലി വരെ വിഷമുള്ളതും വിഷമില്ലാത്തതുമായ പാമ്പുകളുടെ താവളമായി ആ വീടുമാറി.

വീട്ടിലുള്ളവർ പേടിയോടെയാണ് കഴിഞ്ഞത്. വിഷമുള്ള പാമ്പുകളുമായി ചങ്ങാത്തം കൂടുന്ന ലല്ലുവിനെ ഡാഡിയും മമ്മിയും താക്കീതു ചെയ്തു. മോനേ, നീ പാമ്പിന്റെ കൂടെ കളിക്കരുത്. എന്നാൽ ലല്ലു അതു കൂട്ടാക്കിയില്ല. പഠനത്തിലെ ശ്രദ്ധയും ഉപേക്ഷിച്ചു കൂടുതൽ പാമ്പുകളെ പിടിക്കുന്നതിലും പരിചരിക്കുന്നതിലും അവൻ സമയം ചെലവഴിച്ചു. പാമ്പുകളുമായി അടുത്തിടപെടും തോറും അവനിലെ ഭയം അന്യമായി. വിഷപാമ്പുകളെ പോലും അനായാസം കൈകളിൽ എടുത്തു കളിപ്പിക്കുമായിരുന്നു.

അങ്ങനെ ഇരിക്കെ തന്റെ പാമ്പുശേഖരത്തെക്കുറിച്ചും വിഷപ്പാമ്പുകളുമായി ചങ്ങാത്തം കൂടുന്നതിനെക്കുറിച്ചുള്ള ഒരു പരസ്യം അവൻ പത്രത്തിൽ കൊടുത്തു. അനേകർ കടന്നു വരികയും അവന്റെ സാഹസകൃത്യങ്ങൾ കണ്ടു പണം നൽകുകയും ചെയ്തു. പണം സമ്പാദിക്കാൻ സാധിക്കും എന്നു മനസ്സിലായതോടെ വിഷപാമ്പുകളോടു കൂടെ 5 ദിവസം ജീവിക്കും എന്നു അവൻ പ്രചരിപ്പിച്ചു. അനേകർ അവനു പ്രോത്സാഹനവുമായി കടന്നു വന്നു.

ലല്ലു പാമ്പുകളോടു കൂടെ താമസിക്കുവാൻ ആരംഭിച്ചു. ആദ്യ ദിവസം യാതൊരു കുഴപ്പവും ഉണ്ടായില്ല. രണ്ടാം ദിവസവും ശുഭ സൂചനനൽകി കടന്നുപോയി. എന്നാൽ മൂന്നാം ദിവസം രാവിലെ ലല്ലുവിനെ കാണാനെത്തിയ അവന്റെ അമ്മ ആ കാഴ്ച കണ്ടു നിലവിളിച്ചു. തന്റെ എല്ലാമെല്ലാമായ മകൻ കരിനീലകളറിൽ മരിച്ചു കിടക്കുന്നു. അവൻ ഓമനിച്ചു വളർത്തിയ, കൂടെ കളിച്ച പാമ്പുകൾ അവനെ തിരിച്ചുകൊത്തിയിരിക്കുന്നു. മുന്നറിയിപ്പുകളെ അവഗണിച്ച ലല്ലു അകാലത്തിൽ മൃതിയടഞ്ഞു.

പാപവും പാമ്പുപോലെ നമുക്കു മുമ്പിൽ പ്രത്യക്ഷപ്പെടും. രസകരമായും കളിതമാശയായും തോന്നി അതിനെ ചെന്നുപിടിച്ചാൽ അതു സമയം വരുമ്പോൾ തിരിഞ്ഞുകൊത്തും. പാപവുമായുള്ള ഇടപഴകൽ കൂടുമ്പോൾ അതു നമ്മെ കീഴ്പെടുത്തും. സാരമില്ലെന്നും ഞാൻ തെറ്റിലകപ്പെടില്ലെന്നും എന്നെ സൂക്ഷിക്കാൻ പ്രാപ്തിയുണ്ടെന്നും സ്വയാഭിമാനിയായി ജീവിച്ചാൽ അപ്രതീക്ഷിത സമയത്ത് അതു നമ്മെ കൊല്ലും – പാപത്തിന്റെ ശമ്പളം മരണം അത്രേ (റോമ.6:23).

കൊച്ചു കൂട്ടുകാരേ, പിശാച് എന്ന പാമ്പിന്റെ കടിയേറ്റ് മരണം വരിച്ചവരാണ് മനുഷ്യർ. ആ മരണത്തിൽ നിന്നും നമ്മെ രക്ഷിക്കാനാണ് ക്രിസ്തു ഭൂമിയിലേക്കു വന്നത്. ക്രൂശിൽ മരിച്ച് ഉയർത്തെഴുന്നേറ്റത് ഈ യേശുവിനെ രക്ഷകനായി ഹൃദയത്തിൽ സ്വീകരിച്ചാൽ നിങ്ങൾക്ക് ദൈവമക്കളാകാം. (യോഹ. 1:12)

രക്ഷിക്കപ്പെട്ട കൂട്ടുകാരേ, പാപം പാമ്പു പോലെ നമ്മെ വശീകരിക്കാനും നശിപ്പിക്കാനുമായി നമുക്കു മുമ്പിൽ പ്രത്യക്ഷപ്പെടും. രസമായും കളിയായും അതിനെ കാണരുത്. നിത്യജീവനും ചൈതന്യവും നമ്മിൽ നില നിൽക്കേണ്ടതിന് പാപത്തെ വിട്ട് ഓടുക (എബ്രാ. 12: 1,2).